Vol. 22 No. 2.

# കർമ്മലകുസുമം




പ്രതിമാസപത്രിക.

February 1924.

# വിഷയവിവരണിക


| | | പേജ്. |
|---|---|---|
| 1. | ഒരനുമോദനം. ദിവ്യശ്രീ വി. ഡി. തോമ്മാക്കത്തനാർ. | 27 |
| 2. | പ്രസാധകക്കുറിപ്പുകൾ. | ” |
| 3. | പുണ്യവാന്മാരോടുള്ള പ്രാർത്ഥന. ശ്രീമാൻ സി. അന്തപ്പായി ബി. ഏ. | 29 |
| 4. | സൽഗുണദോഷത്തിൻ മാതാവു്. ദിവ്യശ്രീ കാപ്പിൽ കയ്യാക്കോസ് ശ. | 31 |
| 5. | തിരുസഭയുടെ പൊതുസൂനഹദോസുകൾ. റവ. ഫാദർ ഗ്രിഗോരി സി. ഡി. | 34 |
| 6. | ഒരു സന്യാസാത്മാവിന്റെ ഏകാന്തത. (പദ്യം) ശ്രീമതി മേരി ജോൺ തോട്ടം. | 36 |
| 7. | നമ്മുടെ വേദഭാഷ. ശ്രീമാൻ കെ. ജോസഫ് മുണ്ടശ്ശേരി. | 37 |
| 8. | ദലഗാദപ്പസ്തോലിക്കാ തിരുമനസ്സിലെ പ്രസംഗം. ദിവശ്രീ കടവിൽ മാത്യു ശ. | 38 |
| 9. | യാക്കോബായ പാത്രിയർക്കീസ്. റവ. ഫാദർ റെമേയൂസ് സി. ഡി. | 40 |
| 10. | അപ്പന്റെ ആത്മാവു്. (ഒരു യഥാർത്ഥസംഭവം) ശ്രീമാൻ പി ഉലഹന്നാൻമാപ്പിള. | 43 |
| 11. | തിരുഹൃദയ പൊതുനിയോഗം. | 44 |
| 12. | പുതിയ പ്രസിദ്ധീകരണങ്ങൾ. | 45 |
| 13. | വർത്തമാനസംഗ്രഹം. | 46 |
| 14. | മനോഗുണവിവരങ്ങൾ, ചരമവാർത്തകൾ, സിദ്ധൌഷധക്കുറിപ്പു | 48 |



## ☞ കുസുമഗ്രന്ഥാവലി സമ്മാനങ്ങൾ.

**വേഗം അപേക്ഷിക്കുക!** **അര മാസത്തേക്കുകൂടെ മാത്രം!!**

നിങ്ങളുടെ പേരും മേൽവിലാസവും വ്യക്തമായി എഴുതി ഒന്നര അണയ്ക്കു തപാൽസ്റ്റാമ്പോ രണ്ടരച്ചക്രത്തിനു അഞ്ചൽ സ്റ്റാമ്പോ സഹിതം “കർമ്മേലകുസുമം മാനേജർ, മാന്നാനം” എന്ന മേൽവിലാസത്തിൽ അയക്കുക. ഉടനെ നിങ്ങളുടെ പേരു രജിസ്റ്ററിൽ ചേർത്തു, മേൽവിലാസത്തോടുകൂടെ രജിസ്റ്റർനമ്പരും എഴുതി ഒരണ വിലയുള്ള ഏതെങ്കിലും ഒരു ഗ്രന്ഥാവലിപ്പുസ്തകം ക്ലിപ്തമായി അടുത്ത ദിവസം നിങ്ങളുടെപേർക്കയച്ചുതരും. ഫെബ്രുവരി ൧൫-ാം നു- വരെ ഇപ്രകാരം ചേർക്കുന്ന പേരുകളെല്ലാംകൂടി ടി മാസം ൧൬-ാംനു- ഞായറാഴ്ച ചിട്ടിയിട്ടെടുത്തു താഴെപ്പറയുന്ന 25 സമ്മാനങ്ങൾ നൽകപ്പെടുന്നതാണ്. എത്ര അണ വിലയ്ക്കുള്ള പുസ്തകങ്ങൾ നിങ്ങൾ വാങ്ങിച്ചിട്ടുണ്ടോ അത്രയും നറുക്കുകൾ നിങ്ങളുടെപേരിൽ ഇടുന്നതാണ്.

### സമ്മാനവിവരം.

1-ാംസമ്മാനം. കുസുമത്തിന്റെ പുറന്താളിൽ കാണുന്നതരം ഒരു റിസ്റ്റ്‌വാച്ച്. 2-ാംസമ്മാനം ടി. തരത്തിലുള്ള ഒരു ടൈംപീസ്. 3-ാംസ. ഒരു ബ്ലാക്ക്ബർഡ് ഫൌണ്ടൻപെൻ. 4-ാംസ. ഒരു തിരുഹൃദയ കൊത്തുരൂപം. 5-ാംസ. ഗിൽററിട്ട ഒരു ജപപ്പുസ്തകം. 6 മുതൽ 10 വരെ സ. ഒരു ഡസൻ വലിയ ഛായപ്പടങ്ങൾ. 11 മുതൽ 15 വരെ പലതരത്തിൽ 100 അലൂമിനം കാശുരൂപങ്ങൾ. 16 മുതൽ 20 വരെ സ. പുസ്തകത്തിൽ വയ്ക്കുന്ന 100 ചെറിയ പടങ്ങൾ. 21 മുതൽ 25 വരെ ഒരു രൂപായിക്കു ഗ്രന്ഥാവലിപ്പുസ്തകങ്ങൾ.

☞ സൂചനകൾ. I വില്പനയുടെ കൂടുതൽ കുറവനുസരിച്ചു സമ്മാനങ്ങളുടെ എണ്ണത്തിനും തരത്തിനും കൂടുതൽ കുറവു വരുന്നതായിരിക്കും. 2. പുസ്തകവില സ്റ്റാമ്പായിട്ടയക്കണമെന്നു യാതൊരു നിബന്ധവുമില്ല. 3. പലയാളുകൾ ചേർന്നു ഒന്നായിട്ടു പണമയക്കയും, ഒരാളുടെ പേരിൽ പുസ്തകങ്ങൾ ഒന്നായി വാങ്ങിക്കയും ചെയ്യുന്നതായാൽ വെറുതേയുള്ള പല നഷ്ടങ്ങൾ ലാഭിക്കാൻ കഴിയും. 4. നിശ്ചയിക്കപ്പെട്ട തീയതിക്കു മാററമുണ്ടാകുന്നതല്ല.

മാനേജർ, കർമ്മേലകുസുമം, മാന്നാനം.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ഏ. ഠ. .൧൯൨൮ എപ്പകത്തി വര.

## ൧൯൨൮ ഫെബ്രുവരി — ൧൧൦൩ മകരം — കുംഭം.

| | | | | | |
|---|---|---|---|---|---|
| 1 | 19 | വെ | അ. വേദ. അഗാത്തി. ന. ആ. കു. പെ. | | ച്യു. |
| 2 | 20 | ശ | ✠ കന്യകമറി. ശുദ്ധീകരണം ന. കു. വെ. തിരിവുശുമാ, പ്രദക്ഷിണം റോ. ഭ സ. പൃ. ഭ. പരി മറിയ. ശുദ്ധീകരണത്തിരുനാൾ കടമാളൂർ, പാലാ, എലഞ്ഞി, നരിവേലി, അമ്പഴക്കാട്ട്, കടപ്ലാമററം, മുട്ടാർ, എടത്വാ, എൽതുരുത്തുകൊവേന്ത, വല്ലകം, തെക്കൻചേരി. | ൭.൨൮ | വെ. |
| 3 | 21 | ഞാ | ✠ ദനഹാ. ൩-ാം ഞാ. ന. കു. ആ. കൈപ്പുഴ കർമ്മലമാ. തിരുനാൾ ഘോഷം. | .൭൦ .൭ .൨ | വെ. |
| 4 | 22 | തി | † അ. മെ. അന്ത്രയോസ് ന ആ. കു. പെ. | | വെ. |
| 5 | 23 | ചൊ | ● ക. വേദ. അഗാത്താ ന. ആ. കു. പെ. | | ച്യു. |
| 6 | 24 | ബു | ക. വേദ. ദൊറൊത്താ. ന. ആ. കു. പെ. | | ച്യു. |
| 7 | 25 | വ്യാ | ആബാ. റൊമുവാൾദ്ദ് ന. ആ. കു. പെ. | | വെ. |
| 8 | 26 | വെ | † മെ. യോഹന്നാൻ മാത്താ. ന. ആ. കു. പെ. | | വെ. |
| 9 | 27 | ശ | ക. വേദ. അപ്പൊളോനി. ന. ആ. കു. പെ. | | ച്യു. |
| 10 | 28 | ഞാ | ✠ ദനഹാ ൪-ാം ഞാ. ന. കു. ആ. വി. അന്തോനീസ് പാദുവാ. ചെങ്ങളം, കാഞ്ഞിരക്കോട്ട്. | .൫൨ .൦ .൯ | വെ. |
| 11 | 29 | തി | † മൂന്നുനോമ്പ് ന. കു. ആ. | (൧൦) ഇ. വി. | റോ. |
| 12 | 30 | ചൊ | † മൂന്നുനോമ്പ് ന. കു. ആ | (൨൦) ഇ. വി. | റോ. |
| 13 | 1 | ബു | † മൂന്നുനോമ്പ ന. കു. ആ. മൂന്നുനോമ്പ് കുറവലങ്ങാട്ട. | (൩൦) ഇ. വി. | റോ. |
| 14 | 2 | വ്യാ | പട്ട. വേദ. വലന്തീൻ ന ആ. കു. പെ. കടുത്തുരുത്തി വലിയപള്ളി. തിരുനാൾ. | | ച്യു. |
| 15 | 3 | വെ | വേദ. ഫൌസ്തീനും ക്രൂട്ട. ന. ആ. കു. പെ. അ. പാദുവാപള്ളി പൈങ്ങോട്ടൂർ. | | ച്യു. |
| 16 | 4 | ശ | † വേദ. യോഹന്നാൻ ബ്രീത്താ ന. ആ. കു. പെ. | | ച്യു. |
| 17 | 5 | ഞാ | ✠ ൬-ാം ഞാ. ന. കു. ആ. വി. ശെമഓൻ അപ്പെസ്തോപ്പാ. ആരക്കുഴ. | .൨൯ .൭ .൨ | റോ. |
| 18 | 6 | തി | അ. വേദ. ശിമഓൻ ന. ആ. കു. പെ. | | ച്യു. |
| 19 | 7 | ചൊ | † ന. ക. പ്രാൎത്ഥന. ന. ആ. കു. പെ. | ✳ ൨൯ | ച്യു. |
| 20 | 8 | ബു | ☉ † മെ. റൈമൂന്തു ന. ആ. കു. പെ. ജനുവരി ൨൦ | | വെ. |
| 21 | 9 | വ്യാ | † ക. മാ. വിവാഹം ന. ആ. കു. പെ. " ൨൩. മാതാവിൻെറ വ്യാകുലവെള്ളി ഭക്തി തുടങ്ങുന്നു. | | വെ. |
| 22 | 10 | വെ | പത്രോസ്ലീ. അന്ത്യോക്യസിംഹാ. ന. ആ. കു. പെ. | | വെ. |
| 23 | 11 | ശ | † അ. മെ. മ. പത്രോസ് ദമിയാൻ ന. ആ. കു. പെ. | | വെ. |
| 24 | 12 | ഞാ | ✠ ൩൦-ാം ഞാ. ന. കു. ആ. | .൫൨. ൭ .൨ | റോ. |
| 25 | 13 | തി | (✠) മത്ത്യാസ്ലീ. ന. കു. പെ. ഇന്നലെ. | | ച്യു. |
| 26 | 14 | ചൊ | † ന. ക. കഷ്ടാനുഭവം ന. ആ. കു. പെ. കോട്ടയം വി. അപ്പ. നാമകരണൻ. | ✳ ൨൯ | ച്യു. |
| 27 | 15 | ബു | † ക. വേദ. മത്തീനാ ന. ആ. കു. പെ. ജനു. ൩൦ | | ച്യു. |
| 28 | 16 | വ്യാ | † മെ. പത്രോസ് നൊളാസ്കു ന. ആ. കു. പെ. ജനു. ൩൧ | | വെ. |
| 29 | 17 | വെ | † അ. മെ. തെത്തേസ് ന. ആ. കു. പെ. ഈ. ൩. | | വെ. |



ജനസാനായിലെ അൽഭുതമാതാവ്.

(പേജ് 31)

# കർമ്മലകുസുമം.

പുസ്തകം ൨൨.) ൧൯൨൪ ഫെബ്രുവരി. (ലക്കം ൨.


## ഒരനുമോദനം.

പണ്ടലഭിച്ചിടയിലററു ലയിച്ച മെത്രാ-
പ്പോലിത്ത ധർമ്മപദമിങ്ങു തിരിഞ്ഞുതുഷ്ട്യാ
'കണ്ടെത്തി' പൂജ്യവരദനേ, മലബാറിനാത്താ-
ലിണ്ടൽക്കു ചേലൊടരുതിസ്സിടയാക്കി 'പാപ്പാ'.

വി. ഡി. തോമ്മാക്കത്തനാർ.

## പ്രസാധകക്കുറിപ്പുകൾ.

### മലങ്കരസഭയും മാർപ്പാപ്പായും

കേരളീയ സുറിയാനിക്കത്തോലിക്കരുടെ ഹയരാർക്കിയെ സംബന്ധിച്ച പരിശുദ്ധപിതാവു പതിനൊന്നാം പീയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു കഴിഞ്ഞ ഡിസംബർ ൨൧-൧൯൨൩-യിലെ കൊൺസിസ്റ്ററിസംഘത്തിൽ ചെയ്ത പ്രസംഗഭാഗം റോമായിൽനിന്നു കടവിൽ മ. മത്തായി ശെമ്മാശ്ശൻ ഞങ്ങൾക്കു അയച്ചുതന്നതിന്റെ ഭാഷാന്തരംതാഴെച്ചേർക്കുന്നു. മലങ്കരസഭാചരിത്രത്തിൽ സുവർണ്ണവർണ്ണാങ്കിതമായി എന്നാളും സൂക്ഷിക്കപ്പെടേണ്ടവയാണ് ഈവചനങ്ങളെന്നു ഏവർക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

"... ദൈവാനുഗ്രഹത്താൽ, കേരളീയ സുറിയാനിക്കാരുടെ നാലു അപ്പസ്തോലിക്കു വികാരിയാത്തുകളെ നാലു മെത്രാസനരൂപതകളായി നാം സ്ഥാപിക്കുന്നു. മെത്രാപ്പോലീത്തായുടെ ആസ്ഥാനം എറണാകുളമായിരിക്കും. തദ്ദേശീയ കത്തോലിക്കരായ നമ്മുടെ പ്രിയമക്കൾക്കു അത്യാഘോഷാവസരമായ മാർ തോമ്മാശ്ലീഹായുടെ തിരുനാൾ സന്നിഹിതമായിരിക്കുന്ന ഈ ഘട്ടത്തിൽ ഇതു അവർക്കു അനല്പമായ ആഹ്ലാദത്തിനു കാരണമാകുമെന്നുള്ളതിനാലാണ് ഇന്നേദിവസം തന്നെ ഈ വിവരം നാം ഹൃദയപൂർവ്വം പ്രഖ്യാപനം ചെയ്യുന്നത്. കത്തോലിക്കസഭാസംബന്ധമായ സംഗതികളിൽ അവരുടെ ഇടയിലുണ്ടായിട്ടുള്ള അനിതരസാമാന്യമായ സംഘടനകൊണ്ടും, ഏതദ്ദേശീയരായ സ്വന്ത രീതിൽപെട്ട മെത്രാന്മാരുടെ ഭരണത്തിൽ പ്രസ്തുത വികാരിയാത്തുകൾ മതവിഷയകമായി പ്രാപിച്ചിട്ടുള്ള പ്രഖ്യാതമായ അഭിവൃദ്ധിമൂലവും, ക്രിസ്തീയമതാചാരങ്ങൾക്കു യഥാർത്ഥത്തി

ൽ അനുയോജിക്കുന്ന അവിടത്തെ വിശ്വാസികളുടെ ജീവിതനടപടികൾ മൂലവും, പരിശുദ്ധ കന്യകമറിയത്തോടു അവർക്കുള്ള അനന്യസാധാരണമായ ഭക്തിനിമിത്തവും, വൈദികരോടും വൈദികാദ്ധ്യക്ഷന്മാരോടും വിശേഷ്യ, ഈ അപ്പസ്തോലികസിംഹാസനത്തോടുമുള്ള ദൃഢതരമായ ഭക്തിബഹുമാനങ്ങൾ ഹേതുവായിട്ടും ഇവർ സർവ്വപ്രകാരേണയും ഇതു അർഹിച്ചിട്ടുള്ളതാകുന്നു".

* * *

## യാക്കോബായ സഭാകാര്യങ്ങൾ.

മാർ ദീവന്നാസ്യോസു മർദ്ദീനിൽനിന്നുതിരിച്ചുവരുമ്പോഴേയ്ക്കു യാക്കോബായ സഭയിലേ കുഴപ്പങ്ങളെല്ലാം അവസാനിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടിരുന്നവരുടെ ആശകളെല്ലാം അസ്ഥാനത്തിലായിരിക്കുന്നു. സമാധാനദൂതനായി പാത്രിയർക്കീസിനാൽ അയയ്ക്കപ്പെട്ടിരിക്കുന്ന മാർ യൂലിയോസു വഴിയ്ക്കു സമാധാനമുണ്ടാകയില്ലെന്നു തന്നേയല്ല, സമാധാനക്കേടു വർദ്ധിക്കുകയേ ഉള്ളു എന്നാണ് കാണുന്നതു്. ഏതല്ക്കാലസ്ഥിതിയെപ്പററി ഒരു യാക്കോബായ സഹജീവി പ്രസ്താവിച്ചിരിക്കുന്നതിൽ ചിലഭാഗങ്ങൾ ഞങ്ങൾ താഴെ ഉദ്ധരിക്കുന്നു:—

"... ഇപ്പോഴത്തെ ഈ ഘട്ടത്തിൽ നാം എന്താണ് ചെയ്യേണ്ടതെന്നു പലരും ചോദിക്കുന്നുണ്ട്. അതു മറെറാന്നുമല്ല 'ഹൈക്കോടതി വിധി അനുസരിച്ചുള്ള കോർട്ടുനടപടികൾ നടത്താതെ യാതൊരു നിവൃത്തിയുമില്ല. ഇതുകൂടാതെ സംഗതികൾ ഗുണോദർക്കമായും സന്തോഷകരമായും പര്യവസാനിക്കുന്നതിനാണ് നാം കാത്തിരിക്കുന്നതു. അതിനുള്ള ലക്ഷണങ്ങൾ ഒന്നും തന്നെ കാണുന്നില്ലെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഏതായാലും മെത്രാച്ചൻ തൻെറ യാത്രയിൽ ഉദ്ദേശിച്ചിരുന്ന കാര്യങ്ങൾ ശരിപ്പെടുത്താൻ സമ്മതിക്കയോ വിസമ്മതിക്കയോ ചെയ്യട്ടെ. അതിനിടയിൽ നമുക്കു നമ്മുടെ കാര്യങ്ങൾ നിർവ്വഹിക്കുവാൻ യത്നിക്കയാണ് വേണ്ടതു. സഭാകാര്യങ്ങൾ സംബന്ധിച്ചുള്ള ആലോചനയ്ക്കു ഒരു യോഗം താമസിയാതെ വിളിച്ചുകൂട്ടുകയാണ് നാം ഒന്നാമതായി ചെയ്യേണ്ടതു. ഇതിലേക്കായി സകല പള്ളികളിൽനിന്നും പ്രതിപുരുഷന്മാർ അധികാരപത്രവുമായി യോഗസ്ഥലത്തു ഹാജരാകണം. ഇത്രയും സാധിക്കയാണെങ്കിൽ മററുള്ള സകല കാര്യങ്ങളും നിർവഹിച്ചുകൊള്ളാമെന്നു ധൈര്യമുണ്ട്...... ശീശ്മക്കാരല്ലെന്നും മെത്രാപ്പോലീത്തായുടെ മുടക്കു തീർക്കപ്പെട്ടുപോയി എന്നും മററും പറഞ്ഞുകൊണ്ടു വല്ലവരും വരുന്നതായാൽ അതിൻെറ ഭവിഷ്യൽഫലം വെളിപ്പെട്ടുകൊള്ളും"......

കാര്യം എത്ര സമാധാനപദ്ധതിയിൽ എത്തിയിട്ടുണ്ടെന്നു ഇതിൽനിന്നൊക്കെ മനസ്സിലാക്കാമല്ലോ. യാക്കോബായസഭയിൽ ഇതിൽ കൂടുതലായ സമാധാനം ഉണ്ടാകാൻ അസാദ്ധ്യമാണെന്നു നമ്മുടെ സഹോദരന്മാർ ഇത്രനാളത്തെ അനുഭവംകൊണ്ടെങ്കിലും മനസ്സിലാക്കാത്തതിൽ അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. പൊയ്പോയ അവകാശങ്ങളും തിരികെ ലഭിച്ചു്, സ്വന്തജാതിയിലും റീത്തിലുംപെട്ട അദ്ധ്യക്ഷന്മാരോടുകൂടി പരിലസിക്കുന്ന ആ പഴയ തറവാട്ടിലേക്കു കണ്ണുതിരിക്കുന്നതിനു അവർക്കുള്ള അവസരം ഇപ്പോഴല്ലെങ്കിൽ ഇനി എപ്പോഴാണെന്നു അവർ ആലോചിക്കുന്നില്ലയോ?

* * *

## ഫാദർ ഹോസ്റ്റൻ എസ്. ജെ.

പ്രസിദ്ധ ചരിത്രപര്യവേക്ഷകനായ ഫാദർ ഹോസ്റ്റൻ എസ്. ജെ. അവർകൾ കഴിഞ്ഞ മാസം ൨൦-ാംനു- തിരുവിതാംകൂറിൽ എത്തിയിരിക്കുന്നു. തോമ്മാശ്ലീഹായുടെ വരവിനെ സംബന്ധിച്ച പുരാതന ചരിത്രലക്ഷ്യങ്ങൾ ശേഖരിക്കുന്നതിലേക്കു ഫെബ്രുവരി അവസാനംവരെ അദ്ദേഹം കേരളത്തിൽ സഞ്ചരിക്കുന്നതും അക്കാലത്തു അദ്ദേഹം തിരുവിതാംകൂർ കൊച്ചി മഹാരാജാക്കന്മാരുടെ അതിഥിയായിരിക്കുന്നതുമാണ്. തിരുവിതാംകൂറിൽനിന്നു ഒരു മോട്ടോർകാറും, ഒരു ഫോട്ടോഗ്രാഫറും ഒരു ശിപായിയും അദ്ദേഹത്തിൻെറ ഉപയോഗത്തിനായി അനുവദിക്കപ്പെട്ടിട്ടുമുണ്ട്.

# പുണ്യവാന്മാരോടുള്ള പ്രാർത്ഥന.

മിക്ക ഗണങ്ങളിലും ചേർന്ന ക്രിസ്ത്യാനികൾ, ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിൽ "പുണ്യവാന്മാരുടെ സംയോജിപ്പിൽ ഞാൻ വിശ്വസിക്കുന്നു" എന്ന ഒരു സംഗതി ചൊല്ലുക പതിവുണ്ട്. ഈ വചനങ്ങൾ തങ്ങളുടെ ചുണ്ടുകളിന്മേൽ പലപ്പോഴും വരുന്നുണ്ടെങ്കിലും അവയുടെ വിലയേറിയ അർത്ഥത്തിന്റെ അതിസ്വല്പമായ ജ്ഞാനംപോലുമില്ലാത്ത അനേകർ ഉണ്ടെന്ന എനിക്കു തോന്നുന്നു.

സ്വർഗ്ഗത്തിൽ വസിക്കയോ ഭൂമിയിൽ താമസിക്കയോ ചെയ്യുന്ന ദൈവമക്കൾ തമ്മിൽ പ്രാർത്ഥന വഴിയായി പരസ്പരസംഗമോ ആത്മാവിനടുത്ത സംസർഗ്ഗമോ ഉണ്ടെന്നും, അയതുകൊണ്ടു തങ്ങളുടെ നിദ്രയിൽ പ്രവേശിച്ചവരായ നമ്മുടെ സഹോദരന്മാർ ദൈവത്തോടുള്ള അപേക്ഷകളിൽ നമ്മെ ഓർക്കുന്നുണ്ടെന്നും ആകുന്നു വിശ്വാസപ്രമാണത്തിൽ നിന്നും മുകളിൽ എടുത്തുപറഞ്ഞിട്ടുള്ള വചനങ്ങളുടെ സത്യമായും സ്പഷ്ടമായുമുള്ള അർത്ഥം. കത്തോലിക്കാസഭ അതിന്റെ വിശ്വാസപ്രമാണത്തിന്റെ വിവരണത്തിൽ, ഒരു പൊൻവാണിഭക്കാരൻ തന്റെ സ്വർണ്ണം തൂക്കുമ്പോൾ കാണിക്കുന്ന സൂക്ഷ്മതയോടുകൂടെ, ശുദ്ധസ്ഥലത്തിന്റെ തുലാസിൻ തട്ടുകളിൽ അതിന്റെ വചനങ്ങളെ തൂക്കം ചെയ്യുന്നു. പുണ്യവാന്മാരോടുള്ള പ്രാർത്ഥനയെക്കുറിച്ചു, അവരുടെ പ്രാർത്ഥനകൾക്കായി അപേക്ഷിക്കുന്നതു "ഉപകാരവും ഗുണകരവും" ആയിട്ടുള്ളതാണെന്നു മാത്രമേ സഭ അറിയിക്കുന്നുള്ളൂ. ജനങ്ങളുടെ ഇടയിൽ നടപ്പുള്ള ചില ഭക്തിക്കടുത്ത പുസ്തകങ്ങളിൽ, പുണ്യവാന്മാരോടു പറയുന്നതായ ചില വാക്യങ്ങൾ ദോഷദർശികളായ വായനക്കാർക്കു ക്രമക്കേടായിട്ടുള്ളവയായി തോന്നിയേക്കാം. എങ്കിലും അവ കേവലം സ്നേഹത്തിന്റെയും കവിതയുടെയും താൽപര്യമുള്ള വചനങ്ങളും, നമ്മുടെ വിശ്വാസത്തിന്റെ നിയമത്താൽ ക്രമപ്പെടുത്തപ്പെടേണ്ടവയുമാകുന്നു. എന്നുതന്നെയല്ല, സഭയുടെ പ്രാർത്ഥനകളെല്ലാം "നമ്മുടെ കർത്താവായ ഈശോമിശിഹാമൂലം" എന്ന രീതിയോടുകൂടെ അവസാനിക്കുകയും, രക്ഷയുടെ മദ്ധ്യസ്ഥൻ മിശിഹായാകുന്നു എന്നുള്ള അതിന്റെ വിശ്വാസത്തെ ഇതു ധാരാളമായി ചൂണ്ടിക്കാണിക്കയും ചെയ്യുന്നു. ഒരു സ്ത്രീയെ അത്യാസക്തിയോടുകൂടെ സ്നേഹിക്കുന്നവൻ തന്റെ പത്നിയാകുവാനിരിക്കുന്ന അവളെ ഒരു ദേവിയായി ആരാധിക്കേണമെന്നുള്ള യാതൊരു വിചാരവും കൂടാതെ തന്നെ തന്റെ വന്ദ്യയായ രാജ്ഞി എന്നു വിളിക്കുന്നതുപോലെ, പുണ്യവാന്മാരുടെ നേരെ ആർദ്രതയുള്ള മനസ്സോടുകൂടിയ ഒരുവൻ അതിശയോക്തിയുടെ വാചകത്താൽ തന്റെ വികാരങ്ങളെ പ്രസിദ്ധമാക്കും. അങ്ങിനെയുള്ള ഭാഗങ്ങളെ വായിക്കുമ്പോൾ ഈ വിചാരം മനസ്സിലായിരിക്കേണ്ടതാണ്.

പുണ്യവാന്മാരുടെ മദ്ധ്യസ്ഥതയെ പ്രാർത്ഥിക്കുന്ന കത്തോലിക്കാനടപടി, പഴയകാലത്തെ പഠിപ്പിക്കലോടു എത്ര ചേർച്ചയുള്ളതാണെന്ന്, സഭയുടെ ആദ്യയുഗങ്ങളിലെ വൈദികഗ്രന്ഥകർത്താക്കന്മാരുടെ കൃതികളിൽനിന്നും വാക്യങ്ങളെ ധാരാളമായി എടുത്തുപറയുന്നതിനാൽ എനിക്കു എളുപ്പത്തിൽ കാണിക്കാവുന്നതാകുന്നു. എന്നാൽ, ചില വായനക്കാർക്കു ഇപ്രകാരമുള്ള പൂർവ്വഗുരുക്കന്മാരുടെ കൃതികളെക്കുറിച്ചു മതിയായ പ്രാധാന്യം തോന്നുകയില്ലായിരിക്കാം. അതിനാൽ ഞാൻ വിശുദ്ധ ലിഖിതത്തിലെ സാക്ഷ്യങ്ങളെ മാത്രമേ എടുക്കുന്നുള്ളൂ.

സ്വർഗ്ഗത്തിലുള്ള അനുഗ്രഹിക്കപ്പെട്ടവർ നിങ്ങളുടെ പ്രാർത്ഥനകളെ കേൾക്കുന്നു എന്നും, അവർക്കു നിങ്ങളെ സഹായിക്കുവാൻ ശക്തിയും മനസ്സും ഉണ്ടെന്നും നിങ്ങൾക്കു സംശയമില്ലാത്തപക്ഷം, അവരുടെ പ്രാർത്ഥനകൾക്കായി

അപേക്ഷിക്കുന്നതു ഒരു ഗുണകരമായ നടപ്പാണെന്നു നിങ്ങൾ സന്ദേഹംകൂടാതെ സമ്മതിക്കും. എന്നാൽ പുണ്യവാന്മാർക്കു നമ്മെക്കുറിച്ചുള്ള അറിവും പ്രഭാവവും സ്നേഹവും വേദവാക്യങ്ങൾ ധാരാളമായി തെളിയിക്കുന്നുണ്ടു്.

ഭൂമിയിൽ നാം കാണുകയും കേൾക്കയും ചെയ്യുന്ന വിധത്തിൽ ദൈവത്തോടുകൂടെ വാഴുന്നവരായ ദൈവദൂതന്മാരും പുണ്യവാന്മാരും കാണുകയും കേൾക്കയും ചെയ്യുന്നു എന്നോ, നമുക്കു ലഭിക്കപ്പെടുന്നപോലെ അറിവു അവർക്കു ലഭിക്കപ്പെടുന്നു എന്നോ, ഊഹിക്കുന്നതു ഒരു വലിയ തെററായിരിക്കും. നാം ശരീരമാകുന്ന തടവിൽ ബന്ധിക്കപ്പെട്ടിരിക്കുമ്പോൾ, നാം നമ്മുടെ കണ്ണുകൾകൊണ്ടുമാത്രം കാണുകയും നമ്മുടെ ചെവികൾകൊണ്ടു കേൾക്കയും ചെയ്യുന്നു; അതിനാൽ നമ്മുടെ കാഴ്ചയുടെയും കേൾവിയുടെയും ശക്തികൾ വളരെ പരിമിതങ്ങളാകുന്നു. സ്വർഗ്ഗത്തിലെ നിവാസികളോടു ഉപമിച്ചുനോക്കിയാൽ, നാം വെളിച്ചത്തിന്റെ ഒരു മങ്ങിയ രശ്മി പ്രവേശിക്കുന്ന ഇരുട്ടുള്ള ഒരു അറയിൽ ഇരിക്കുന്ന ഒരു മനുഷ്യനെപ്പോലെ ആകുന്നു. അവനു ഏതാനും വസ്തുക്കളെമാത്രമെ കണ്ടുകൂടു; അതും വളരെ അവ്യക്തമായ വിധത്തിലായിരിക്കും. എന്നാൽ നമ്മുടെ ആത്മാവു ശരീരത്തിൽനിന്നും വേർപെട്ട ഉടനെ, കൂട്ടിൽനിന്നും പുറത്തുവിട്ട ഒരു പക്ഷിയെപ്പോലെ, അതു സ്വർഗ്ഗത്തിലേക്കു പറന്നുചെല്ലുകയും, അതിന്റെ കാഴ്ച ഉടനെ വിസ്മയനീയമാകുംവണ്ണം വിസ്താരമുള്ളതാക്കപ്പെടുകയും ചെയ്യുന്നു. പിന്നെ അതിനു കാണുവാൻ കണ്ണുകളോ, കേൾക്കുവാൻ ചെവികളോ വേണ്ട. സകല വസ്തുക്കളേയും ദൈവത്തിൽ ഒരു കണ്ണാടിയിൽ എന്നപോലെ അതു കാണുന്നു. അപ്പോസ്തോലൻ പറയുന്നതായതു്: "ഇപ്പോൾ നാം ഒരു കണ്ണാടിയിൽകൂടെ മറവായിട്ടു കാണുന്നു; അപ്പോൾ മുഖത്തോടു മുഖംതന്നെ. ഇപ്പോൾ ഞാൻ കുറഞ്ഞൊന്നു അറിയുന്നു; എന്നാൽ അപ്പോൾ ഞാനും അറിയപ്പെടുന്നപ്രകാരംതന്നെ അറികയും ചെയ്യും" (൧ കോറി. ൧൩, ൧൨)

സ്വർഗ്ഗത്തിലുള്ള നീതിമാന്മാരുടെ ആത്മാവുകൾ ഭൂമിയിലുള്ള നമ്മുടെ കാര്യങ്ങളെക്കുറിച്ചു തെളിവായ ജ്ഞാനം ഉള്ളവരാണെന്നുള്ളതും വിശുദ്ധ ലിഖിതത്തിൽനിന്നുമുള്ള താഴെച്ചേർക്കുന്ന വാക്യങ്ങളാൽ പ്രത്യക്ഷമാകുന്നു. വന്ദ്യ ഗോത്രപിതാവായ യാക്കോബ് തന്റെ മരണക്കിടക്കയിൽ കിടക്കുമ്പോൾ തന്റെ രണ്ടു പൌത്രന്മാർക്കുവേണ്ടി ഇപ്രകാരം പ്രാർത്ഥിച്ചു: "എന്നെ സകല ദോഷങ്ങളിൽനിന്നും വീണ്ടെടുത്ത ദൈവദൂതൻ ഈ പൈതങ്ങളെ അനുഗ്രഹിക്കട്ടെ" (ആദ്യപുസ്തകം ൪൮. ൧൬) ഇവിടെ നാം സർവ്വശക്തനായ ദൈവത്തിനു അത്ഭുതമാംവണ്ണം ഇഷ്ടനും അനേകം അത്ഭുതകാഴ്ചയാൽ ഉപദേശിക്കപ്പെട്ടവനും യഹോവായുടെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ പിതാവും ആയ ഒരു വിശുദ്ധ ഗോത്രപിതാവു് തന്റെ പൌത്രന്മാർക്കുവേണ്ടി സ്വർഗ്ഗത്തിലെ ഒരു ദൈവദൂതനോടു ഒരനുഗ്രഹം വാങ്ങിത്തരുവാൻ അപേക്ഷിക്കുന്നതായി കാണുന്നു. എന്നാൽ താൻ പറയുന്നതു കേൾക്കുവാൻ പാടില്ലാത്ത ഒരാളോടു പ്രാർത്ഥിക്കത്തക്കവണ്ണം അദ്ദേഹം അത്ര അറിവില്ലാത്തവനായിരുന്നു എന്നു നമുക്കു ഊഹിക്കുവാൻ പാടില്ലെന്നുള്ളതു സംശയമില്ലാത്തതാകുന്നു.

റപ്പായേൽ മാലാഖാ തോബിയാസിനു കാണപ്പെട്ടതിന്റെശേഷം അവനോടു പറഞ്ഞതായതു്: "നീ കണ്ണുനീരുകളോടുകൂടെ പ്രാർത്ഥിക്കയും, മരിച്ചവരെ അടക്കുകയും, നിന്റെ ഭക്ഷണത്തെ ഉപേക്ഷിക്കയും ചെയ്യുമ്പോൾ ഞാൻ നിന്റെ പ്രാർത്ഥനയെ ദൈവത്തിനു കാഴ്ചവെച്ചു" (തോബിയാസ് ൧൨. ൧൨). മാലാഖായ്ക്കു ഈ അപേക്ഷകൾ അറിവുണ്ടായിരുന്നില്ലെങ്കിൽ, തോബിയാസിന്റെ പ്രാർത്ഥനകളെ ദൈവത്തിനു കാഴ്ചവെക്കുവാൻ തനിക്കെങ്ങിനെ കഴിഞ്ഞു?

പഴയതിൽനിന്നു പുതിയ നിയമത്തിലേക്കു കടക്കുന്നതായാൽ, നമ്മുടെ രക്ഷിതാവു അറിയിക്കുന്നതായതു്: "അനുതാപപ്പെടുന്ന ഒരു പാപിയെക്കുറിച്ചു ദൈവദൂതന്മാരുടെ മുമ്പാകെ സന്തോഷ

മുണ്ടാകും" (ലൂക്കാ. ൧൫. ൧൦). അതിനാൽ, നിങ്ങളുടെ പാപങ്ങളെക്കുറിച്ചു നിങ്ങൾക്കു അനുതാപം ഉണ്ടാകുമ്പോൾ ഒക്കെയും ദൈവദൂതന്മാർ സന്തോഷമുള്ളവരായിരിക്കുന്നു. എന്നാൽ അനുതാപം എന്നതു എന്താകുന്നു? അതു ഹൃദയത്തിന്റെ ഒരു മാററമാകുന്നു. അതു മനസ്സിന്റെ അന്തർഗ്ഗതമായ ഒരു പ്രവൃത്തിയാകുന്നു. ആയതുകൊണ്ടു പുണ്യവാന്മാർ നിങ്ങളുടെ ക്രിയകളേയും വചനങ്ങളേയും മാത്രമല്ല, നിങ്ങളുടെ വിചാരങ്ങളെപ്പോലും അറിഞ്ഞിരിക്കുന്നു. അതു എങ്ങിനെയെന്നു നമുക്കറിഞ്ഞുകൂടാ.

"ലോകത്തിനും ദൈവദൂതന്മാൎക്കും മനുഷ്യൎക്കും ഞങ്ങൾ ഒരു വിനോദകാഴ്ചയായി തീൎന്നിരിക്കുന്നു." (൧. കോറി. ൪. ൯) എന്നു വിശുദ്ധ പൌലോസ് പറയുമ്പോൾ, നമ്മുടെ ക്രിയകൾ മനുഷ്യരാൽ കാണപ്പെടുന്നതുപോലെതന്നെ സ്വൎഗ്ഗത്തിലെ ദൈവദൂതന്മാൎക്കു കാണപ്പെടാവുന്നവയാകുന്നു എന്നല്ലാതെ താൻ മററൎത്ഥമാണൊ ഉദ്ദേശിച്ചിരിക്കുന്നതു്?

മുകളിൽ ഞാൻ എടുത്തുപറഞ്ഞിരിക്കുന്ന ദൃഷ്ടാന്തങ്ങൾ ദൈവദൂതന്മാരെക്കുറിച്ചാകുന്നു എന്നുള്ളതു സത്യംതന്നെ. എങ്കിലും, സ്വൎഗ്ഗത്തിലുള്ള പുണ്യവാന്മാർ, മാലഖസ്സൂടത്ത ആത്മാവുകളെപ്പോലെ തുല്യമായ അറിവും സൌഭാഗ്യാനുഭവവും ഉള്ളവരാകയാൽ, അവരെപ്പോലെ ആയിരിക്കുമെന്നു നമ്മുടെ കൎത്താവു അറിയിക്കുന്നു. (മത്താ. ൨൨. ൩൦)

ധനവാൻ (Dives) ദുരാത്മാക്കളുടെ സ്ഥലത്തിൽ ദുഃഖമനുഭവിക്കയിൽ തന്റെ എരിയുന്ന ദാഹത്തെ തണുപ്പിക്കുവാൻ താല്പൎയ്യത്തോടെ അബ്രാഹമിനോടു അപേക്ഷിച്ചു എന്നു നാം സുവിശേഷത്തിൽ വായിക്കുന്നു. അബ്രാഹം അപ്പോൾ ബന്ധനസ്ഥലത്തിൽ താമസിച്ചിരുന്നു എങ്കിലും ധനവാൻ പറഞ്ഞതു കേൾക്കുവാനും ഉത്തരംകൊടുക്കുവാനും തനിക്കു കഴിഞ്ഞു. എന്നാൽ നീതിമാന്മാരുടേയും ദുരാത്മാക്കളുടേയും ആത്മാവുകൾക്കു തമ്മിൽ സംസൎഗ്ഗമുണ്ടായിരിക്കാമെങ്കിൽ, സ്വൎഗ്ഗത്തിലുള്ള പുണ്യവാന്മാരും ഭൂമിയിലുള്ള അവരുടെ സഹോദരന്മാരും തമ്മിൽ വിചാരങ്ങളുടെ വ്യതിഹാരം ഉണ്ടാകുവാൻ കഴിയുമെന്നുള്ളതു ഊഹിക്കുവാൻ എത്ര അധികം എളുപ്പമുള്ളതാകുന്നു?

സ്വൎഗ്ഗത്തിലുള്ള ആത്മാക്കൾ നമ്മുടെ പ്രാൎത്ഥനകളെ കേൾക്കുന്നുണ്ടെന്നു നമുക്കു ബോദ്ധ്യപ്പെടുവാൻ മേൽപറഞ്ഞ ഏതാനും ഉദാഹരണങ്ങൾ മതിയാകുന്നു.

സി. അന്തപ്പായി ബി. എ.

## സൽഗുണദോഷത്തിന്റെ മാതാവ്.

ജനസാനായിലെ സ്ഥിതികൾ മേല്പറഞ്ഞ വിധത്തിൽ ഇരിക്കയിൽ അൽബേനിയാ രാജ്യത്തിന്റെ തലസ്ഥാനമായ സ്ക്കുത്താറി (Scutari) എന്ന നഗരത്തിനു സമീപമുള്ള ഒരു കുന്നിൻചരിവിൽ ഒരു ചെറിയ ദേവാലയത്തിൽ 'സൽഗുണദോഷത്തിന്റെ മാതാവിനെ' പ്രത്യേകവിധത്തിൽ വണങ്ങിവന്നിരുന്നു. ആ പള്ളിയിലുണ്ടായിരുന്ന പരിശുദ്ധ ദൈവമാതാവിന്റെ പടം നസ്രത്തിലെ തിരുഭവനം മാലാഖമാരാൽ ലോരേത്തിലേക്കു കൊണ്ടുപോകപ്പെട്ട കാലത്തുതന്നെ സ്ക്കുത്താറി ദേവാലയത്തിൽ അത്ഭുതമായി വന്നതാണെന്നൊരൈതിഹ്യം ഉണ്ടു്. ഇതെങ്ങിനെയിരുന്നാലും സ്ക്കുത്താറിയിൽ പ്രസ്തുത രൂപംമൂലം അനേകം അത്ഭുതങ്ങൾ സംഭവിച്ചിട്ടുണ്ടെന്നുള്ളതിനും വളരെ നാളത്തേക്കു സ്ക്കുത്താറി തീൎത്ഥയാത്രക്കാരുടെ ഒരു കേന്ദ്രസ്ഥാനമായിരുന്നു എന്നതിനും തൎക്കമില്ല. സ്ക്കുത്താറി ദേവാലയത്തിലെ രൂപത്തിൻമുമ്പാകെ നിരന്തരം പ്രാ

ഷ്ഠിച്ചിരുന്നവരുടെ കൂട്ടത്തിൽ അൽബേനിയാ രാജ്യം ഭരിക്കുന്ന ജോർജ്ജ് കാസ്ത്രിയോത്തായുടെ നാമം പ്രത്യേകം സ്മരണീയമാണ്. ആ രാജാവ് സന്തോഷത്തിലും സന്താപത്തിലും പരിശുദ്ധ കന്യകയെ തന്റെ ആശ്രയമായി കരുതിയിരുന്നു. തുർക്കികളുമായുണ്ടായ ഒരു വലിയ യുദ്ധം ദൈവജനനിയുടെ സഹായത്താൽ ജയിച്ചതുമൂലം അദ്ദേഹം പ്രസ്തുത ദേവാലയത്തിൽ അനേകം വിലപിടിച്ച വഴിപാടുകൾ സമർപ്പിക്കുക ഉണ്ടായിട്ടുണ്ട്. ൧൪൬൭-ൽ ഉണ്ടായ അദ്ദേഹത്തിന്റെ നിര്യാണം അൽബേനിയായിക്കു പൊതുവിലും സ്ക്കുത്താറിയിലെ ചെറിയ ദേവാലയത്തിനു പ്രത്യേകവും ഒരപരിഹാര്യ നഷ്ടമായിത്തീർന്നു. സ്കുത്താറി നിവാസികളുടെ ഭക്തി മന്ദിച്ചുതുടങ്ങി. അവർ ദേവാലയത്തിനുപകരം നാടകശാലകളേയും മദ്യഷാപ്പുകളേയും തേടിത്തുടങ്ങി. സന്മാർഗ്ഗം മതം എന്നിവയ്ക്കു സ്ഥാനമില്ലാതാകാൻ പോകുന്നു. ഈ തക്കം നോക്കി തുർക്കികൾ അൽബേനിയാ ആക്രമിച്ചു. സ്ക്കുത്താറി പിടിച്ചടക്കി. അതോടുകൂടി ക്രിസ്തീയവേദം അധഃപതിച്ചെന്നു പറയാം. സ്ക്കുത്താറിയിലെ ദേവാലയം സന്ദർശിച്ചിരുന്നവരുടെ സംഖ്യ കൈവിരലിൽ എണ്ണത്തക്കവിധമായി. തന്നെ വെടിഞ്ഞ ജനത്തെ താനും വെടിയേണ്ട കാലമായെന്നു തോന്നുന്നു.

ദേവാലയ സന്ദർശകന്മാരിൽ ജോർജ്ജ് എന്നും ദെസക്ലാവിസ് എന്നും രണ്ടുപേർ മാത്രം ശേഷിച്ചു. ഈ സമയത്തേക്കു തുലുക്കർ ദേവാലയം കൊള്ളചെയ്തു ഭക്തരായ ഇവരുടെ, ജീവഹാനി വരുമെന്ന ദിക്കായി. ജീവരക്ഷാർത്ഥം പട്ടണംവിട്ടു എവിടെയെങ്കിലും പോകേണമെന്നു അവർ തീരുമാനിച്ചു തങ്ങളുടെ ഏക ശരണമായ ദൈവജനനിയോടു അന്ത്യയാത്ര പറയുന്നതിനായി അവർ ദേവാലയത്തിൽ പ്രവേശിച്ച് പൂജ്യമായ ആ തിരുസ്വരൂപത്തിൻമുമ്പാകെ സാഷ്ടാംഗം വീണു കണ്ണീരോടുകൂടെ യാത്രപറഞ്ഞെഴുന്നേൽക്കുകയിൽ ഇതാ! അത്ഭുതമേ! ഇരുനൂറിലധികം വർഷങ്ങളായി സ്വസ്ഥാനത്തുനിന്നും ഇളക്കുകയോ ഇളകുകയോ ചെയ്തിട്ടില്ലാത്ത ആ സ്വരൂപം അതുള്ളന്ന സ്ഥലത്തുനിന്നു പൊങ്ങി മുഖവാരത്തോക്കു പറക്കുന്നു. അതുകണ്ടു അവരുടെ നയനങ്ങളെ വിശ്വസിക്കാൻ പാടില്ലെന്നായി. അവർ ദേവാലയത്തിനു പുറത്തേക്കിറങ്ങി. ആ അത്ഭുതസ്വരൂപവും എങ്ങിനെയോ മുഖവാരത്തിൽക്കൂടി പുറത്തുവന്ന് ചതുരാകൃതിയിൽ പ്രകാശമാനമായ വെള്ളമേഘത്താൽ ആച്ഛാദിതമായി വിണ്മാർഗ്ഗത്തിലൂടെ പശ്ചിമദിക്കിനെ ലാക്കാക്കി ഗമിച്ചുതുടങ്ങി. അത്ഭുതപരതന്ത്രരായ ജോർജ്ജും ദെസക്ലാവിസും പ്രസ്തുത മേഘത്തെ അനുഗമിച്ചു. കുന്നും കുഴിയും കാടും തോടും കടന്നു ഒരിടത്തും നിൽക്കാതെ രാവും പകലും അശ്രാന്തം ക്ഷീണമെന്യേ മേഘവെളിച്ചത്തെ പിൻതുടർന്നു അഡ്രിയാറ്റിക്ക് സമുദ്രതീരത്തിൽ എത്തി. രാത്രികാലങ്ങളിൽ ഇസ്രായേൽക്കാർക്കു അഗ്നിത്തൂൺ വെളിച്ചം നൽകിയതുപോലെ രൂപത്തെ മറച്ചിരുന്ന മേഘം അവർക്കു ആദിത്യനെ അതിശയിക്കുന്ന പ്രഭ നൽകി. നക്ഷത്രത്തെ നോക്കി പുറപ്പെട്ട പൂജരാജാക്കളേപ്പോലെ ഉൽകണ്ഠയോടുകൂടെയെങ്കിലും നമ്മുടെ യാത്രക്കാരും പ്രയാണം ചെയ്തു. അഡ്രിയാറ്റിക്ക് തീരത്തുനിന്നും മേഘം ഇത്താലിയൻ തീരത്തേക്കു പറക്കുന്നതുകണ്ട് നമ്മുടെ തീർത്ഥയാത്രക്കാരും ഒട്ടും സംശയിക്കാതെ തൽസമയം അവർക്കു കരപോലെ തോന്നിയ സമുദ്രത്തിന്മീതെ നടന്നു മേഘത്തെ അനുഗമിച്ചു. യാതൊരു ബുദ്ധിമുട്ടും കൂടാതെ അവർ ഇത്താലിയൻതീരത്തെത്തി അവർ ആ മേഘത്തെ റോമാപ്പട്ടണ ഗോപുരംവരെ പിന്തുടർന്നു. അവിടെവച്ചു അവരുടെ ദൃഷ്ടിയിൽ നിന്നും അതുമറഞ്ഞു. ഹേറോദേസിന്റെ പട്ടണം സമീപിച്ചപ്പോൾ നക്ഷത്രം അപ്രത്യക്ഷമായ അവസരത്തിൽ ആ പൂജരാജാക്കളനുഭവിച്ചതുപോലുള്ള വ്യസനം തത്സമയം നമ്മുടെ യാത്രക്കാരും അനുഭവിച്ചിരിക്കണം. അവർ പട്ടണത്തിൽ പ്രവേശിച്ചു ദേവാലയാന്തർഭാഗങ്ങളിലും മറ്റും തിരഞ്ഞു നടക്കുന്നു.

ഇനി വായനക്കാരുടെ ശ്രദ്ധയെ ജനസാനായിലേക്കു ക്ഷണിക്കട്ടെ. അവി

ട്ടത്തെ പ്രധാന തിരുനാൾ ഏപ്രിൽ മാസം [illegible]-നു ആണെന്നു മുമ്പു പ്രസ്താവിച്ചിരുന്നല്ലോ. [illegible]-ാംകാലം ഏപ്രിൽമാസം [illegible]-നു ജെനസാനായിൽ ഒരു വിശേഷ ദിവസം തന്നെയായിരുന്നു. അന്നേ ദിവസം മുൻകൊല്ലങ്ങളെ അപേക്ഷിച്ചു തിരുനാളിൽ സംബന്ധിക്കുന്നതിനു വളരെ കൂടുതൽ ജനങ്ങൾ സന്നിഹിതരായിരുന്നു. ഇതിനുപുറമെ ഗവര്‍മ്മെണ്ടിൽ നിന്നുകൂടിയും തിരുനാൾ ആഘോഷമായി കൊണ്ടാടുന്നതിനു വേണ്ട സഹായസഹകരണങ്ങൾ ചെയ്തിരുന്നതിനാൽ ഉദ്യോഗസ്ഥന്മാരായും ഒട്ടേറെ മാന്യന്മാർ വന്നിട്ടുണ്ടായിരുന്നു. പള്ളി പെത്രുച്ചിയ പണിയിക്കാൻ ആരംഭിച്ച സ്ഥിതിയിൽ തന്നെ ഇരിക്കുന്നതേയുള്ളു. വയോവൃദ്ധയായ ആ സ്ത്രീയും ജനങ്ങളുടെ പരിഹാസങ്ങളെ തൃണവൽഗണിച്ചു തന്റെ അമ്മയുടെ തിരുനാൾ കൂടാൻ വന്നിരുന്നു. ആളുടെ ബുദ്ധിമുട്ടൊക്കെ അവസാനിച്ച് ദീർഘദർശനം നിറവേറാനുള്ള സമയമടുത്തെന്നു തോന്നുമാറ് അന്നു ആ ഭക്തയായ സ്ത്രീ വിശേഷവിധമായ സന്തോഷം പ്രദർശിപ്പിച്ചിരുന്നു. കാലത്തെ ആഘോഷമായ പാട്ടുകുർബാനപ്രദക്ഷിണം മുതലായവ കഴിഞ്ഞ് സമീപസ്ഥരായ ആളുകളധികവും ആശ്വാസാർത്ഥം സ്വഭവനങ്ങളിലേക്കു മടങ്ങി. ദൂരസ്ഥന്മാരും പ്രത്യേക ഭക്തികാരും വൈകുന്നേരത്തെ വെസ്പര കഴിഞ്ഞു പോകാമെന്നു വിചാരിച്ചു പള്ളിമുറ്റത്തും സമീപമുള്ള വീടുകളുടെ വരാന്തകളിലും, പെത്രുച്ചിയായെപ്പോലുള്ളവർ പള്ളിയകത്തു മുട്ടിന്മേൽ കൊന്തയെത്തിച്ചുകൊണ്ടും നിൽക്കുന്നു. മണി ഏകദേശം നാലായി. ആകാശമണ്ഡലത്തിൽ നിന്നും സ്വർഗ്ഗീയമായ ഒരു ഗാനം കേൾക്കുന്നു. വിവിധവിധത്തിൽ ഏർപ്പെട്ടിരുന്ന ജനങ്ങളുടെ ദൃഷ്ടി ആകാശത്തിലേക്കുയരുന്നു. ഹാ! അതിപ്രകാശമാനമായ ഒരു മേഘശകലം പ്രഭാകരനെ വെല്ലുന്ന കാന്തിയോടുകൂടി ദേവാലയഗോപുരഭാഗത്തേക്കു താണുവരുന്നു. പറയേണ്ടതില്ല. സമീപസ്ഥലങ്ങളിലുമുള്ള മണികൾ മനുഷ്യസഹായംകൂടാതെ അടിക്കുന്നു. മണിനാദംകേട്ട മനുഷ്യർ ഒന്നിനുപിറകെ ഒന്നായി പള്ളിമുറ്റത്തേക്കു ഓടുന്നു. തങ്ങൾ വരുന്നതും മേഘം ലോലതരമായി തീരുന്നു. [illegible] ഉയരത്തിൽ കെട്ടിയിരുന്ന [illegible] ഭിത്തികളുടെ നടുവിൽ അതു നി[illegible]. മേഘം മുഴുവനും നീങ്ങിയതും ദിവ്യപൈതലിനെ തന്റെ മാറോടു ചേർത്ത് ആലിംഗനം ചെയ്യുന്ന പരിശുദ്ധകന്യകമറിയത്തിന്റെ പടം പ്രത്യക്ഷമായതും ഒരുമിച്ചു കഴിഞ്ഞു. ആ നേരത്തെ ജനാവലിയുടെ വിചാരപരമ്പര വർണ്ണിക്കുന്നതിനെളുപ്പം ഊഹിച്ചുകൊള്ളുകയാണ്. അത്ഭുതം! അത്ഭുതം! എന്നു ചിലരും, മറിയം ജയിക്കട്ടെ! മറിയം ജയിക്കട്ടെ! എന്നു മറ്റുചിലരും വിചാരാധിക്യത്താൽ മൂകന്മാരെപ്പോലെ മറ്റനേകരും ഇങ്ങിനെ സകലരും മുട്ടിന്മേൽനിന്നു ദൈവസ്തുതി പാടിത്തുടങ്ങി. ക്ഷണനേരംകൊണ്ടു ജെനസാനായും പരിസരപ്രദേശങ്ങളും ജനത്തിരക്കിനാൽ നിബിഡീകൃതമായി. മുടന്തന്മാരും ചെകിടന്മാരും കുരുടന്മാരും ഓടിക്കൂടി രോഗശാന്തി പ്രാപിക്കുന്നു. പെത്രുച്ചിയായോടു ക്ഷമായാചനം ചെയ്യുന്നവരുടെയും തിക്കും ഒട്ടും കുറവല്ല. ഇത്താലിയുടെ നാനാഭാഗങ്ങളിൽനിന്നു കണക്കില്ലാതെ ആളുകൾ വന്നുതുടങ്ങി. ചിലർ തങ്ങൾക്കുള്ള സർവ്വസ്വവും നിറവേറ്റി ജെനസാനായിൽ സ്ഥിരതാമസത്തിനായും വരാതിരുന്നില്ല. കാട്ടുതീപോലെ വർത്തമാനം നാടൊക്കെ പരന്നു. തീർത്ഥയാത്രക്കാരുടെ സംഖ്യ നിമിഷംപ്രതി വർദ്ധിച്ചുവന്നതുപോലെ നേർച്ചപ്പണവും വർദ്ധിച്ചുവന്നു. പരസഹായം ഒന്നുംകൂടാതെ വായുമണ്ഡലത്തിൽ നിലയുറപ്പിച്ച ആ രൂപത്തിനു പെത്രുച്ചിയായുടെ അഭിപ്രായപ്രകാരം ഒന്നാന്തരം മാർബിൾകൊണ്ട് ഒരു മേക്കട്ടി ഉണ്ടാക്കി അതിനു യോജ്യമായ തൂണുകളിൽ നിറുത്തി. ആ രൂപത്തിന്റെ മുമ്പിൽ സദാ കത്തിനിൽക്കത്തക്കവണ്ണം ഒരു രാത്രി വെള്ളിവിളക്കുകളും പണികഴിപ്പിച്ചുവച്ചു. ഇതെല്ലാം ഇന്നും അതേസ്ഥിതിയിൽ ഇരിക്കുന്നു. അധികകാലം കഴിയുന്നതിനുമുമ്പെ പെത്രുച്ചിയായുടെ പ്ലാനനുസരിച്ച് ഒരു വലിയ ദേവാലയവും അതിനോടു ചേർത്ത് ആഗസ്റ്റീനിയൻ സഭക്കാർക്കായി ഒരാശ്രമ

വും പണികഴിപ്പിച്ചു. തൻെറ അഗ്രഹസാഫല്യംവന്ന ഏറെത്താമസിയാതെ ഭാഗ്യപ്പെട്ട പെത്രുച്ചിയാ സകലരുടേയും സ്നേഹബഹുമാനാദികൾക്കു പാത്രീഭവിച്ചു കർത്താവിൽ ഭാഗ്യമരണം പ്രാപിക്കയും പ്രധാന അൾത്താരയുടെ അടുത്തുതന്നെ സംസ്കരിക്കപ്പെടുകയും ചെയ്തു. മാർബിൾക്കല്ലുകൊണ്ടുള്ള അവരുടെ ശവകുടീരവും അതിന്മേൽ ജീവചരിത്രത്തിൻെറ രത്നച്ചുരുക്കവും ഇന്നും കാണുന്നുണ്ട്.

അത്ഭുതമായി ഇടവിതാനത്തിൽ നില്ക്കുന്ന രൂപത്തെ സ്പർശിക്കുകയോ സ്പർശിക്കത്തക്കവണ്ണം വല്ലതും പണിയുകയോ ഇതുവരെ ചെയ്തിട്ടില്ല. ഇപ്രകാരം ആകാശത്തിൽനിന്നും വന്ന രാജ്ഞിയെ അവർ പറുദീസായുടെ രാജ്ഞി എന്നും മനോഗുണത്തിൻെറ മാതാവ് എന്നും സംബോധനം ചെയ്തുതുടങ്ങി. (തുടരും)

കാപ്പിൽ കുര്യാക്കോസ് ശ.

# തിരുസഭയുടെ പൊതുസൂനഹദോസുകൾ.

## XII.

### ലാത്തെറാനിലെ ചതുർത്ഥ സൂനഹദോസ്.

1215-ൽ മാർപ്പാപ്പായായ ഇന്നോസെൻറു ത്രിതീയൻേറയും, റോമാ ചക്രവർത്തിയായ ഫ്രെഡെറിക്ക് ദ്വിതീയൻേറയും ഭരണകാലത്തു റോമിലെ ലാത്തെറാൻ അരമനയിൽ മാർപ്പാപ്പായുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച ഈ സംഘത്തിൽ കുസ്തന്തിനോപ്പോലിസിലെയും, ഓർശ്ലേമിലെയും പാത്രിയർക്കീസന്മാരും, അലക്സാന്ത്രിയാ പാത്രിയർക്കീസിൻെറ സ്ഥാനപതിയായി ജെമ്മാനോസ് എന്ന ദേഹവും, അന്ത്യോക്യാ പാത്രിയർക്കീസിൻെറ സ്ഥാനപതിയായി ബീറിയോസ് മെത്രാപ്പോലീത്തായും ഉൾപ്പെടെ 3 പാത്രിയർക്കീസന്മാരും, 71 മെത്രാപ്പോലീത്തമാരും, 412 മെത്രാന്മാരും, 800 സന്യാസ പുരോഹിതശ്രേഷ്ഠന്മാരും മഠാധിപന്മാരും സംബന്ധിച്ചിരുന്നു. ഒരു വിശ്രുത സന്യാസസഭാ സ്ഥാപകനായ വി. ഡോമിനിക്കും, മാറോനായ സുറിയാനിക്കാരുടെ വൈദികാദ്ധ്യക്ഷനും, എല്ലാ ക്രിസ്തീയ രാജാക്കന്മാരുടെയും പ്രതിനിധികളും ഈ സൂനഹദോസിൽ സന്നിഹിതരായിരുന്നുവെന്നതു പ്രത്യേകം പ്രസ്താവ്യംതന്നെ.

ആദിമ യുഗങ്ങളിലുണ്ടായ മനിക്കേയൻ പാഷാണ്ഡമതത്തിൻെറ ഒരു വകഭേദമായി ഉത്ഭവിച്ചതും, നന്മതിന്മകളുടെ കാരണഭൂതരായി രണ്ടു മൂലതത്വങ്ങൾ അഥവാ ഇരുദൈവങ്ങൾ ഉണ്ടെന്നും, നരകവും നിത്യശിക്ഷയും ഇല്ലെന്നും, ഈശോമ്ശിഹാ ഒരു വെറും സൃഷ്ടിയാണെന്നും, പൊതുവിധിയുടെ നാളിൽ ശരീരങ്ങളുടെ പുനരുത്ഥാനമുണ്ടാകയില്ലെന്നും, ആത്മഹത്യ അഭിലഷണീയമാണെന്നും, പുനർജ്ജന്മമുണ്ടെന്നും, വിവാഹജീവിതം പാപകരമാണെന്നും മറ്റും പഠിപ്പിച്ചിരുന്നതുമായ അൽബിജെൻസ്യൻ ഇടത്തൂടിൻെറ (Albigensian Heresy) അബദ്ധോപദേശങ്ങളെ ഒരിക്കൽക്കൂടെ ശപിച്ച്, അവയ്ക്കെതിരായുള്ള യഥാർത്ഥകത്തോലിക്കാബോധനമെന്തെന്നു കാണിച്ചുകൊണ്ടു വിശ്വാസപ്രമാണത്തെ വിശദീകരിക്കയും, യോവാക്കീം ദെഫ്ളോറാ (Joachin de Flora) എന്ന സന്യാസശ്രേഷ്ഠൻ വി. ത്രീത്വത്തെപ്പറ്റി പഠിപ്പിച്ചിട്ടുണ്ടായിരുന്ന ചില തെറ്റായ സിദ്ധാന്തങ്ങളെ ശപിക്കയും, വി. കുർബ്ബാനയിലെ വസ്തുഭേദം (Transubstantiation) സംബന്ധിച്ചുള്ള സഭയുടെ ഉപദേശമെന്തെന്നു പ്രസ്പഷ്ടമാക്കിക്കാണിക്കയും ചെയ്തത്രേ മദ്ധ്യയുഗങ്ങളിലെ ഏററം പ്രാധാന്യമുള്ള ഈ തിരുസംഘത്തിൽ നടന്ന പ്രധാന

സംഗതികൾ. മദ്ധ്യയുഗങ്ങളിൽ സഭയ്ക്കും പാപ്പായ്ക്കുമുണ്ടായിരുന്ന അധികാരശക്തികളുടെ പരമകാഷ്ഠയുടെ കാലവും ഇതുതന്നെ.

## XIII

### ലീയോൻസിലെ പ്രഥമ സൂനഹദോസു.

ക്രി. 1245-ൽ ൪-ാം ഇന്നോസെൻറു മാർപ്പാപ്പയുടേയും, റോമാ ചക്രവൎത്തിയായ ഫറെഡെറിക്ക് ദ്വിതീയൻെറയും; പൌരസ്ത്യ ചക്രവൎത്തിയായ ബാൽഡ്വിൻ ദ്വിതീയൻെറയും ഭരണകാലത്തു കുസ്തന്തിനോപ്പോലിസിലെയും, അന്ത്യോക്യയിലെയും, വെനീസിലേയും പാത്രിയർക്കീസന്മാരുടെയും ൧൪൦ മെത്രാന്മാരുടേയും സാന്നിദ്ധ്യത്തിൽ ഫ്രാൻസിലുള്ള ലീയോൻസു നഗരത്തിൽ ഈ സൂനഹദോസു സമ്മേളിച്ചു. ഇന്നോസെൻറു മാർപ്പാപ്പ തന്നെയാണു ഇതിൽ അദ്ധ്യക്ഷം വഹിച്ചതു്.

ഫറെഡെറിക്ക ദ്വിതീയനെ ചക്രവൎത്തി പദത്തിൽനിന്നു സ്ഥാനഭ്രഷ്ടനാക്കുകയും, ഫ്രാൻസിലെ രാജാവായിരുന്ന വി. ലൂയിസിൻെറ നേതൃത്വത്തിൽ പലസ്തീനായിലെ തിരുസ്ഥലങ്ങളെ വീണ്ടെടുക്കുന്നതിനുള്ള ഒരു പുതിയ കുരിശുയുദ്ധത്തിന്നു വേണ്ട ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുതാണു ഈ സൂനഹദോസിലെ പ്രധാന നടപടികൾ.

## XIV.

### ലിയോൻസിലെ ദ്വിതീയ സൂനഹദോസ്.

൧൨൭൪-ൽ മാർപ്പാപ്പായായ ഗ്രീഗോരിയോസ് ദശമൻെറയും പാശ്ചാത്യപൌരസ്ത്യ ചക്രവൎത്തികളായ റൂഡോൾഫ് പ്രഥമൻെറയും മിഖായേൽ പലയോലഗസ് അഷ്ടമൻെറയും ഭരണകാലത്തു ലിയോൻസ് നഗരത്തിൽതന്നെകൂടിയ ഈ പൊതുസൂനഹദോസിൽ ഗ്രീഗോരിയോസ് മാർപ്പാപ്പാ അദ്ധ്യക്ഷം വഹിച്ചു്. കുസ്തന്തിനോപ്പോലിസിലെയും, അലക്സാന്ത്രിയായിലെയും, അന്ത്യോക്യായിലെയും പാത്രിയർക്കീസന്മാരും, ഓർശ്ലേം പാത്രിയർക്കീസിൻെറ സ്ഥാനപതിയും, ൧൫ കർദ്ദിനാളന്മാരും ൫൦൦ മെത്രാന്മാരും ൧൦൦൦ മററു വിവിധ വൈദികസ്ഥാനികളും ഇതിൽ സംബന്ധിക്കയുണ്ടായി. മദ്ധ്യയുഗങ്ങളിലെ ഏററം പ്രാമുഖ്യമുള്ള വേദപാരംഗതന്മാരായ വി. തോമ്മസ് അക്വീനസ് ക്ഷണപ്രകാരം ഈ സംഘത്തിലേക്കു പോകുന്ന മാൎഗ്ഗമദ്ധ്യേ ഫ്രൊസിനോനയിൽ വച്ചു ൧൨൭൪ മാർച്ച് ൭-ാംനു-യും, വി. ബൊനവെന്തുരാ സൂനഹദോസിൽ സംബന്ധിച്ചു് സാരതരങ്ങളായ പല സംഗതികളും നടത്തിയശേഷം അതിൻെറ അവസാനത്തിന്നു മുമ്പായി ലീയോൻസ് പട്ടണത്തിൽ വച്ചു് ൧൨൭൪ ജൂലൈ ൧൫-ാംനു-യും ചരമഗതിയെ പ്രാപിക്കയുണ്ടായി എന്നതു സ്മരണീയമാണ്.

പാശ്ചാത്യസഭയുമായി ഭിന്നിച്ചുനിന്നിരുന്ന യൌനായസഭയുടെ പുനരൈക്യത്തെയുദ്ദേശിച്ചു് കൂട്ടപ്പെട്ട ഈ സൂനഹദോസിൽ വച്ചു് പരിശുദ്ധാത്മാവു പുത്രനിൽ നിന്നും കൂടെ (Filicque) പുറപ്പെടുന്നു എന്നതു ഒരു വേദസത്യമെന്നു പ്രഖ്യാപനം ചെയ്തുകൊണ്ടു്, നിക്യാ-കുസ്തന്തിനോപ്പോലീസ് വിശ്വാസപ്രമാണത്തിലെ 'പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ ഒന്നിച്ചു ആരാധിച്ചു സ്തുതിക്കപ്പെടുന്നവനും' എന്ന പരിശുദ്ധാത്മാവിൻെറ പുറപ്പാടു സംബന്ധിച്ചു പറയപ്പെട്ടിരിക്കുന്ന ഭാഗത്തു 'പിതാവിൽ നിന്നും, പുത്രനിൽ നിന്നും പുറപ്പെട്ടു് പിതാവിനോടും പുത്രനോടും കൂടെ ഒന്നിച്ചു ആരാധിക്കപ്പെടുന്നവനും' എന്നു കൂടെ കൂട്ടിച്ചേർക്കപ്പെട്ടു. ഒരു വാദവിഷയമായിരുന്ന ഇതിനെ യൌനായക്കാരും പൂൎണ്ണമായി സമ്മതിച്ചുകൊണ്ടു് ഈ സംഘത്തിൽ വച്ചു് ആ സഭയുടെ ഒരു പുനരൈക്യമുണ്ടായെങ്കിലും, അതു മേൽ പ്രസ്താവിച്ച മിഖായേൽ ചക്രവൎത്തിയുടെ മരണംവരെ മാത്രമെ നിലനിന്നുള്ളു. അദ്ദേഹത്തിൻെറ നിൎയ്യാണാനന്തരം വീണ്ടും മതഭിന്നതയുണ്ടായി. ഈ സൂനഹദോസിലും വിശുദ്ധ സ്ഥലങ്ങളെ വീണ്ടെടുക്കുന്നതിന്നുള്ള ചില മാൎഗ്ഗങ്ങളെ നിർദ്ദേശിച്ചു മാത്രമല്ല, മാർപ്പാപ്പാമാരുടെ തെരഞ്ഞെടുപ്പു ബന്ധിച്ചുള്ള പല പ്രമാണങ്ങൾ രൂപവൽക്കരിക്കയ ചെയ്തു (തുടരും.

ഫാദർ ഗ്രിഗോരി സി. ഡ

# ഒരു സന്യാസാത്മാവിന്റെ ഏകാന്തത.

ഞാനപ്പോളേകയായെൻ മുറിയുടെയകമേ വാണിരുന്നെന്റെ ചിത്തം
വാനത്തെങ്ങോ പറന്നു; ഭുവനമഖിലമെൻ ദൃഷ്ടിവിട്ടങ്ങുമാഞ്ഞു
ലീനത്വം ദൂരെയേകീ ഭൗതികപരമാനന്ദസന്ദോഹമങ്ങിൽ–
ഞാനന്തർഭൂതമായീ; പരിചിനൊടതിലാണ്ടെന്നെയും ഞാൻ മറന്നു 1

ദിവ്യാനന്ദം തുളുമ്പും മധുമൊഴിയകമേ മന്ദമന്ദം ചൊരിഞ്ഞും
നിർവ്യാജതൃക്കടാക്ഷക്കതിരൊളിയിവളിൽ പ്രേമപൂർവ്വം പൊഴിച്ചും
ദുഷ്പ്രാപമാമഘാന്ധകാരം നിജമുഖസവിതാ ശോഭയാൽ സംഹരിച്ചും
ദിവ്യൻ ശ്രീയേശുനാഥൻ ബത ചിലസുഖദനായ് കണ്ടു ഞാനെന്റെമുമ്പിൽ! 2

ഈശോയെന്നോടടുത്തു; ഹൃദയമതിതരാം ശീഘ്രമായിത്തുടിച്ചു
നാശത്തിൻ നാശകർത്താവധികകരുണയാ മന്ദമെന്നെത്തലോടി.
ആശാപാശത്തിലെല്ലാം കൊടിയൊരു കൊടുവാളായ തൃക്കൈകളാലു–
ള്ളാശ്ലേഷത്തിൽ സുഖിച്ചിട്ടതിപരവശയായന്നു ഞാനക്ഷണത്തിൽ. 3

ഞാനന്നാത്മകാന്തനരികിലുമവിടന്നെന്നിലും വാണനേര–
ത്താനന്ദാധിക്യമുണ്ടായതിനുടെയളവിങ്ങോതുവാൻ വാക്കുപോരാ.
സ്ഥാനം ഞാൻ വിട്ടതില്ലെന്നവയവമിളകിലെങ്കിലും തന്നിലത്രേ
ഞാനെന്നെക്കണ്ടതപ്പോളിരുവരുമൊരുമട്ടേകമായീവിധത്തിൽ. 4

നാവില്ലാതങ്ങളന്നാനിലയിലിരുവരും സ്വൈരസല്ലാപമാർന്നു;
സർവ്വാനന്ദത്തിനും മേൽ വലിയൊരു നിലതാനായിരുന്നായതോർത്താൽ
നിസ്തുലത്തിങ്കലുണ്ടാം നിരുപമസുഖമാം പൂർണ്ണസായൂജ്യമത്രേ
ശബ്ദം കൂടാതെ ചൊല്ലാമവളിലനുഭവപ്പെട്ടതാം വേളയിങ്കൽ. 5

എന്തെല്ലാമോ രഹസ്യം ചെവികളിലവിടന്നോതിയെന്നോടു, ഞാനും
സന്തോഷത്തോടു കേട്ടു പലവിധമവിടത്തോടുമൊട്ടേറെയെല്ലാം
സന്താപം വീട്ടുണർത്തീ; സകലവുമറിയും നിത്യനെൻ നാഥനപ്പോൾ
ചന്തം ചേരും മുഖത്തിൽച്ചെറിയൊരു ചിരിയോടെന്നെയൊന്നുറ്റുനോക്കി. 6

മന്ദം തൃക്കൈകളാലെൻ വദനമരിയ മാറോടടുപ്പിച്ചു നാഥൻ
വന്ദിച്ചിട്ടാ വിലാവിൽ മുറിവതു കുതുകാൽ ചുംബനം ചെയ്തു ഞാനും
എന്നും ലോകർക്കുവേണ്ടും സകലഭവ്യകവും നിത്യസംതൃപ്തിയും ചേ–
ർന്നൊന്നാകെക്കണ്ടു ഞാനാത്തിരുമുറിവതിനൊട്ടുള്ളിലായ് ഗോപ്യമായി. 7

എന്നും വേണ്ടുന്നതെല്ലാമവിടെയണയുകിൽക്കിട്ടുമെന്നേശുനാഥൻ
പിന്നും മോദത്തൊടെന്നോടതിമധുരമായോതിയോരാസ്വരം താൻ
അന്തസ്സാരത്തിലെല്ലാം പരിചൊടു മോഹനക്കന്ന സംഗീതമായെ–
ന്നന്തർഭാഗേ മുഴങ്ങുന്നവരതമതിനാൽ ധന്യ ഞാനിന്നുമെന്നും 8

സ്നേഹത്താലെന്നിലൊന്നായ്പ്പരിചൊടുവിലസും ജീവനാഥനു ഞാനെൻ
സ്നേഹത്തിൻ ചിഹ്നമായിട്ടടിമലരിണയിൽ കാഴ്ചവച്ചീടുവാനായ്
മാഹാത്മ്യപ്പെട്ടതായ തൻ തിരുവടിവൊടു താൻ സൃഷ്ടി ചെയ്തുള്ളതായെൻ
ദേഹത്തിൽ പഴമതാമൊഴികെയവനിയിൽക്കണ്ടതില്ലന്യവസ്തു. 9

എന്നാത്മാവെന്നു വേണ്ടന്നഖിലവുമവിടത്തേക്കു ഞാൻ കാഴ്ചവച്ചി–
ട്ടന്യൂനപ്രേമമോടത്തിരുവടി തഴുകിച്ചുംബനം ചെയ്തതോർത്താൽ.

മുന്നം സെമൺന്റെ വീട്ടിൽ ജ്ജനതതിനടുവിൽ തൻപാദം മുത്തിയോരാ-
ധന്യക്കും മേറ്റെന്നുയർക്കുവാനവസരമുളവാമില്ലതിൽ തെല്ലുവാദം. 10

സാമോദം സ്വീകരിച്ചെന്നുള്ളിലൊരുതരുമുൽക്കാഴ്ചയെന്നാത്മനാഥൻ
പ്രേമാനന്ദം തുളുമ്പീട്ടതിനുപകരമായ് തന്നതെന്തെന്നു ചൊല്ലാം
ക്ഷേമാധിക്യം പുലർത്താനിഹ പരസുഖഭോഗങ്ങളല്ലായതെല്ലാ-
മീമട്ടൽ തീർത്തുപാലിച്ചമരുമൊരഖിലാധിശനാം തന്നെയത്രേ. 11

ഹൃല്ലാഹ്ലാദാബ്ധിതന്നിൽ പ്പുരികൊട്ടുതുടരെക്കേളിയാടുന്നതാമ-
ക്കല്ലോലങ്ങൾക്കടക്കോട്ടുളകിയുമഴക്കോടങ്ങുമിങ്ങും മറിഞ്ഞും,
സോല്ലാസം ജീവനാഥന്നരികിലവിടെ ഞാൻ വാണൊരാഭാഗ്യനേരം
ചൊല്ലാമെൻ ജീവിതത്തിൻ വലിയൊരുസമയം രമണീയമായാണോർത്തുകണ്ടാൽ. 12

ഏകാന്തത്തിങ്കലതാനിതുവിധമരുമിച്ചിഷ്ടമായ് സല്ലപിക്കു
ഏകാന്തത്തിങ്കലേതാനിതുവിധമരികിൽ ചേർത്തണച്ചോമനിക്കു.
ഏകാന്തത്തിങ്കലേതാൻ പ്രിയയുടെ തിരുമുൽക്കാഴ്ചകൈക്കൊണ്ടിട്ടു, കേ-
ളേകാന്തത്തിൻവിശേഷം നിരുപമമതുതാൻ ഭൂവിയിൽ സ്വർഗ്ഗഭാഗ്യം.

മേരി ജോൺ, തോട്ടം

# നമ്മുടെ വേദഭാഷ.

(സ. നാ.)

നമ്മുടെ വേദഭാഷയ്ക്കു ചില സംസ്കാരങ്ങൾ വരുത്തേണ്ടതു അത്യന്താപേക്ഷിതമാണെന്നു സകാരണം തെളിയിക്കുന്ന ഒരു ലേഖനം, ക്രൈസ്തവസാഹിത്യ ജനയിതാവെന്നുതന്നെ അഭിസംബോധനം ചെയ്യപ്പെടാവുന്ന ദേഹമായ ശ്രീമാൻ സി. അന്തപ്പായി ബി. ഏ. അവർകൾ ഇയ്യിടെ കർമ്മലകുസുമത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്റെ മാന്യസ്നേഹിതന്മാരിൽ ഒരാൾ വായിക്കയും അതേപ്പററി അദ്ദേഹത്തിനുള്ള അഭിപ്രായം എന്നോടു തുറന്നു പറയുകയുമുണ്ടായി. അദ്ദേഹത്തിന്റെ ആ അഭിപ്രായത്തിലൊരു ഭാഗമാണ് എന്നെ ഈ ലേഖനമെഴുതുന്നതിനു പ്രേരിപ്പിച്ചതു്. സംസ്കാരം വഴിയായി നമ്മുടെ പ്രാർത്ഥനാദികൾ പൂർവ്വാധികം ദീർഘിക്കുകയും തന്നിമിത്തം പ്രാർത്ഥനാനിർവഹണത്തിൽ ജനാവലിക്കു കുറേക്കൂടി അനാസ്ഥ ജനിക്കുകയും ചെയ്യുമെന്നല്ലാതെ വലിയ ഗുണമൊന്നും സിദ്ധിക്കാനില്ലെന്നാകുന്നു പ്രസ്താഭിപ്രായശകലത്തിന്റെ രത്നച്ചുരുക്കം. കേരളീയ കത്തോലിക്കരിൽ സാഹിത്യപ്രണയികളായി അധികംപേരില്ലാതിരിക്കെ, മേല്പറഞ്ഞ അഭിപ്രായത്തോടു സശിരഃകമ്പം യോജിക്കുന്നവർ വളരെ ഉണ്ടായിരിക്കാം. ശ്രവണമാത്രയിൽത്തന്നെ ഈ അഭിപ്രായം എത്രത്തോളം അബദ്ധമാണെന്നു മനസ്സിലാകാമെങ്കിലും, നമ്മുടെ വേദഭാഷയിലെ ചില പ്രയോഗങ്ങൾ സംസ്കരിച്ചുകണ്ടാൽ മാത്രമേ അത്തരക്കാർ സ്വാഭിപ്രായത്തിന്റെ അടിസ്ഥാനരാഹിത്യം ശരിയായി ഗ്രഹിക്കുകയുള്ളു. അതിനാൽ ചുരുക്കം ചില പ്രയോഗങ്ങൾ മാത്രം ചുവടെ ഉദ്ധരിച്ച് അവയെ സംസ്കരിച്ചുനോക്കാം.

'ഉപകാരസ്മരണസ്തുതി'യിൽ 'ഇല്ലാണ്മയിൽനിന്നു . . . സൃഷ്ടിച്ചുണ്ടാക്കി' എന്നൊരു വാകശകലം നാമെല്ലാവരും ദിനംപ്രതി ചൊല്ലിവരുന്നുണ്ട്. 'സൃഷ്ടിക്കുക' (To create) എന്ന ക്രിയാപദത്തിനു ശൂന്യാവസ്ഥയിൽനിന്നു ഒന്നിനെ ഭാവാവസ്ഥയിലാക്കുക എന്നാണർത്ഥം. ഈ സ്ഥിതിക്കു 'ഇല്ലാണ്മയിൽനിന്നു സൃഷ്ടിച്ചു' എന്നുപയോഗിക്കുന്നതിന്റെ അർത്ഥമെന്താണ്? To create

എന്ന പദത്തിന്റെ അർത്ഥം പൂർണ്ണമായി വ്യഞ്ജിക്കുന്നതിനു 'സൃഷ്ടിക്കുക' എന്നു മാത്രം ഉപയോഗിച്ചാൽ പോരയോ? അതങ്ങനെയിരിക്കട്ടെ 'ഇല്ലായ്മ'യെ ഇല്ലായ്മ ചെയ്യുവെന്നുതന്നെ വിചാരിക്കുക. അപ്പോഴും അനാവശ്യമായി കയർ ഒരു ചാൺകൂടി നീണ്ടുകിടക്കുന്നു. സൃഷ്ടിച്ചുകഴിഞ്ഞാൽ ആ വസ്തുവെ പിന്നെ എന്തിനാണു ഉണ്ടാക്കുന്നതു? സാധാരണമായി ചിലർ ഉപയോഗിക്കാറുള്ള 'നട്ടമധ്യം' 'ഗെയിറ്റുപടി' എന്നിവയെപ്പോലെയാണു ഈ 'സൃഷ്ടിച്ചുണ്ടാക്കൽ.' ഏകദേശം ഒരേ അർത്ഥം തന്നെയുള്ള പദങ്ങൾ കൂട്ടിച്ചേർത്തു ഉപയോഗിക്കുന്നതുകൊണ്ടു യാതൊരു ഗുണവും സിദ്ധിക്കുന്നില്ല. അങ്ങനെയുള്ള പ്രയോഗങ്ങൾ അർത്ഥപ്രതീതി വർദ്ധിപ്പിക്കുന്നതിനു പകരം പ്രയോജകന്നു ഭാഷയിലുള്ള അനഭിജ്ഞതയെ സുസ്പഷ്ടമാക്കുകയാണു ചെയ്യുന്നതു്. ഇവിടെ 'സൃഷ്ടിച്ചു' എന്നു മാത്രം ഉപയോഗിച്ചാൽ ഉദ്ദിഷ്ടാർത്ഥപ്രതീതിയുണ്ടാവുന്നതാണു്.

ഇങ്ങനെ സംസ്കാരങ്ങളെല്ലാം വരുത്തിക്കഴിയുമ്പോൾ 'ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചുണ്ടാക്കി' എന്ന വാക്യശകലം 'സൃഷ്ടിച്ചു' എന്ന പദം മാത്രമായിച്ചുരുങ്ങുന്നു. എന്റെ മാന്യ സുഹൃത്തും അദ്ദേഹത്തെപ്പോലെയുള്ളവരും പറയുമ്പോലെ സംസ്കാരംമൂലം പ്രാർത്ഥനാദികൾ പൂർവ്വാധികം ദീർഘിക്കുന്നതല്ലെന്നുള്ള സംഗതി ഉദ്ധൃതോദാഹരണംതന്നെ വേണ്ടതിലധികം വിശദമാക്കുന്നുണ്ടു്. താദൃശപ്രയോഗങ്ങൾ നമ്മുടെ വേദഭാഷയിൽ സുലഭങ്ങളാണു്.

'സുഗന്ധസൌരഭ്യം' 'ഗാനസംഗീതധ്വനി' 'സദാകാലം' 'ദുഃഖസന്താപം' 'അണിനിര' 'ബോധജ്ഞാനം' എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ നമ്മുടെ പ്രാർത്ഥനകളെ അനാവശ്യമായി ദീർഘിപ്പിക്കുകയല്ലേ ചെയ്യുന്നതു്? മാത്രമല്ല, അവ ഒരു സാഹിത്യകാരനു കേവലം കർണ്ണശൂലങ്ങളായിരിക്കയും, തന്നിമിത്തം നമ്മുടെ വേദഭാഷയ്ക്കു സാഹിത്യലോകത്തിൽ പ്രവേശം അനുവദിക്കപ്പെടാതിരിക്കയും ചെയ്യുന്നില്ലയോ? വേണ്ടത്തക്ക പദങ്ങൾ മാത്രമുപയോഗിച്ചു സ്വാശയങ്ങളെ വിശദീകരിക്കുന്നവനാണു യഥാർത്ഥ സാഹിത്യകാരൻ എന്ന മതം സർവ്വസമ്മതമായിരിക്കെ, ഒരേ അർത്ഥപ്രതീതിയുള്ള വാക്കുകൾ പലതും കൂട്ടിച്ചേർത്തു ഉപയോഗിക്കുകയും, എന്നിട്ടും ആശയം പൂർണ്ണമായി വിശദീകരിക്കാൻ കഴിയാതിരിക്കയും ചെയ്യുന്നതു എത്ര നിന്ദാർഹമായ ഒരവസ്ഥയാണു്? തന്മൂലം മേല്പറഞ്ഞ ഇരട്ടപ്രയോഗങ്ങളേയും മറ്റു അബദ്ധപ്രയോഗങ്ങളേയും കഴിയുന്നത്ര വേഗത്തിൽ നമ്മുടെ ഭാഷയിൽനിന്നു നിഷ്കാസനം ചെയ്കയോ അല്ലെങ്കിൽ അവയെ സംസ്കരിക്കയോ ചെയ്യേണ്ടതാകുന്നു.

മലയാള സാഹിത്യലോകത്തെ അനവരതം പ്രകാശിപ്പിച്ചുകൊണ്ടു വിളങ്ങുന്ന നിരവധി ജ്യോതിസ്സുകളിലൊരുവനായ ശ്രീമാൻ അന്തപ്പായി അവർകളുടെ ശ്രദ്ധ ഈയിടെ വേദഭാഷാപരിശോധനയിൽ പതിഞ്ഞിരിക്കുന്നതു നമ്മുടെ—കേരളീയ കത്തോലിക്കരുടെ ഒരു ഭാഗ്യമായി വിചാരിക്കാം. അദ്ദേഹവും അദ്ദേഹത്തെപ്പോലെ യഥാർത്ഥസമുദായസ്നേഹവും പാണ്ഡിത്യവുമുള്ള ഇതര സാഹിത്യപ്രണയികളുംകൂടി കഴിയുന്നത്ര വേഗത്തിൽ ഒന്നു സംശോധിച്ചു സംസ്കരിക്കാറാകണമെന്നുള്ള ഒരപേക്ഷയോടുകൂടി ഈ ലഘുലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.

കെ. ജോസഫ് മുണ്ടശ്ശേരി.

## ദലഗാദപ്പസ്തോലിക്കാ തിരുമനസ്സിലെ ഒരു പ്രസംഗം.

പ്രൊപ്പഗാന്ത തിരുസംഘാദ്ധ്യക്ഷനായ കർദ്ദിനാൾ വാൻറോസ്സു തിരുമനസ്സുകൊണ്ടു സ്കാൻഡിനേവ്യൻ ഉപദ്വീപങ്ങൾ സന്ദർശിച്ചു പിന്തിരിഞ്ഞശേഷം വില്ലായിൽവച്ചു വൈദിക വിദ്യാർത്ഥികളും ഭാവികാലത്തെ മിഷ്യനറിമാ

ഭമായ ഞങ്ങളോടു തദ്ദേശവിശേഷങ്ങൾ സംബന്ധിച്ചു ഏതാനും പ്രസംഗങ്ങൾ ചെയ്യുകയുണ്ടായി. പ്രസ്തുത പ്രസംഗങ്ങളിൽ ഒന്നിനു നമ്മുടെ ഡലഗാദപ്പസ്തോലിക്കാ പീററർ പിസാനി തിരുമനസ്സുകൊണ്ടും സന്നിഹിതനായിരുന്നു. ഇൻഡ്യയെപ്പററി വേറൊരവസരത്തിൽ താനും ഒരുപ്രസംഗം ചെയ്യാമെന്നു അന്ന ഞങ്ങളോടുവാഗ്ദാനം ചെയ്തതനുസരിച്ചു പിറവിത്തിരുനാളിൻെറ പിറേറദിനമായ ബുധനാഴ്ച വൈകുന്നേരം കർദ്ദിനാളവർകളുടെ സാന്നിദ്ധ്യത്തിൽ, ഭാരതവിശേഷങ്ങളെ സൂചിപ്പിക്കുന്ന ചിത്രപ്രദർശനസഹിതം രണ്ടു മണിക്കൂറിൽ കുറയാതെ ദീർഘിച്ചതും എത്രയും പ്രൌഢവും സാരഭൂയിഷ്ഠവുമായ ഒരു പ്രസംഗം അദ്ദേഹം ഇത്താല്യൻ ഭാഷയിൽ പറഞ്ഞു. ദീർഘമായ പ്രസ്തുത പ്രസംഗം മുഴുവൻ ഇവിടെ ഉദ്ധരിക്കാൻ അസാദ്ധ്യമാകയാൽ അതിലെ ചില പ്രധാന ഭാഗങ്ങളുടെ സംക്ഷേപം മാത്രം കുസുമവായനക്കാരുടെ അറിവിനായി താഴെച്ചേർക്കുന്നു.

ഇൻഡ്യാരാജ്യം അസാമാന്യ ഫലപുഷ്ടിയുള്ള ഒരു മഹാരാജ്യമാണെന്നും അതിലെ നിവാസികൾ പല വർഗ്ഗക്കാരും വിവിധ ഭാഷകളോടും ആചാരങ്ങളോടും മതങ്ങളോടുംകൂടിയവരാണെന്നും മററും പ്രസ്താവിച്ചശേഷം, ആര്യന്മാർ ഭാരതവർഷത്തിൽ പ്രവേശിച്ചതുമുതൽ വിക്ടോറിയാരാജ്ഞി ഇന്ത്യയുടെ ചക്രവർത്തിനി ആയതുവരെയുള്ള ചുരുക്കമായ ചരിത്രം സരസമായി അദ്ദേഹം പറഞ്ഞുകേൾപ്പിച്ചു. ഇൻഡ്യാചരിത്രത്തിലുള്ള ഈ മഹാപുരുഷൻെറ സൂക്ഷ്മജ്ഞാനം ഭാരതീയരെക്കൂടി വിസ്മയിപ്പിക്കാതിരുന്നില്ലെന്നു പറയുമ്പോൾ ഇന്ത്യയെന്നു കേട്ടിട്ടുള്ളതല്ലാതെ ആ രാജ്യത്തിൻെറ ഏകദേശജ്ഞാനംപോലും ഇല്ലാത്ത വിവിധ ദേശക്കാരായ ഞങ്ങളുടെ സഹപാഠികളിൽ പലരുടേയും സംഗതി ഊഹ്യമാണല്ലോ

ഇൻഡ്യയിലെ മതങ്ങളെ സംബന്ധിച്ച രണ്ടാം ഭാഗത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പായി കർദ്ദിനാളവർകളെ സംബോധനചെയ്തു്, തനിക്കു മലബാറിൽനിന്നും നവമെത്രാപ്പോലീത്താ അവർകളുടേയും മററു സുറിയാനി മെത്രാന്മാരുടെയും, ഹയരാർക്കി ലഭിച്ചതിൻെറ നന്ദിസൂചകമായ കമ്പി കിട്ടിയെന്നും കർദ്ദിനാൾ തിരുമനസ്സിലേക്കുള്ള അവരുടെ ഹാർദ്ദമായ കൃതജ്ഞത പ്രകടിപ്പിക്കുന്നതിനു തന്നെ ഭരമേൽപ്പിച്ചിരിക്കയാൽ തിരുമനസ്സുകൊണ്ടു അതു ദയവായി സ്വീകരിക്കണമെന്നും അറിയിച്ചു. ഇൻഡ്യാരാജ്യത്തിലെ അനിതരസാധാരണമായ പ്രകൃതിവിശേഷങ്ങളുടെയും വൃക്ഷലതാദികളുടെയും, പുരാതനത്വംകൊണ്ടും ശില്പവൈശിഷ്ട്യംകൊണ്ടും അനുപമേയങ്ങളായ കോട്ടകൾ, കൊട്ടാരങ്ങൾ, പട്ടണങ്ങൾ, അമ്പലങ്ങൾ മുതലായവയുടെയും മലവേടർ തുടങ്ങി ബ്രാഹ്മണൻവരെയുള്ള വിവിധജാതി ജനങ്ങളുടെയും പ്രസ്പഷ്ടമായ വിവരണത്തോടുകൂടിയ ചിത്രപ്രദർശനമാണു് തദനന്തരമുണ്ടായതു്.

വീണ്ടും ഡെലിവെററവർകൾ പ്രസംഗത്തെ തുടർന്നു മതവിഷയകമായ ഭാഗത്തിലേക്കു പ്രവേശിച്ചപ്പോഴേക്കു ശ്രോതാക്കൾക്കു ജിജ്ഞാസയും ഉന്മേഷവും പൂർവ്വാധികം വർദ്ധിച്ചു. ആദ്യമായി ഹിന്ദുമതം, ബുദ്ധമതം, മഹമ്മദുമതം എന്നിവയെപ്പററി വിവരമായി പ്രസ്താവിച്ചശേഷം ക്രിസ്തുമതചരിത്രം വിവരിക്കുവാൻ ആരംഭിച്ചു. ഭാരതത്തിൽ ക്രിസ്തുവേദബീജങ്ങളെ സ്വകരങ്ങളാൽ വിതയ്ക്കുകയും സ്വരക്തത്താൽ നനയ്ക്കുകയും ചെയ്ത വിശുദ്ധ തോമ്മാശ്ലീഹായെപ്പററി പ്രസ്താവിച്ച വചനങ്ങൾ ചരിത്രവും പാരമ്പര്യവും കരിക്കുന്നതിനു ശ്രമിച്ചിട്ടുള്ള പലരുടേയും വായിൽ മണ്ണടിച്ച വിധമായിട്ടുണ്ടെന്നു സധൈര്യം പറയാം. തിരുമനസ്സിലെ വാക്കുകളെത്തന്നെ താഴെച്ചേർക്കുന്നു: മലങ്കര ക്രിസ്ത്യാനികളുടെ ഇടയിൽ വിശുദ്ധ തോമ്മാസ് അപ്പസ്തോലനെപ്പററിയുള്ള വിശ്വാസം ദൃഢവും അടിസ്ഥാനപൂർവ്വവും വേരുറച്ചതുമാണു്. സഞ്ചാരികളായ പല പുരാതന ചരിത്രകാരന്മാരും മലങ്കര ക്രിസ്ത്യാനികളെപ്പററി പ്രസ്താവിച്ചിട്ടുണ്ടു്. വി. തോമ്മാ മലങ്കരയിൽ വേദം പ്രസംഗിച്ചെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. പലരും എതിരായി വാദിക്കു

ണ്ടെങ്കിലും അതൊന്നും ഈ സത്യത്തിനു ഭംഗം വരുത്തുന്നതല്ല. മലയാള ക്രിസ്ത്യാനികൾ ഇന്നും വളരെ ഭക്തന്മാരും വിശ്വാസത്തിൽ സ്ഥിരതയുള്ളവരും നോയമ്പു മുതലായ സൽകൃത്യങ്ങൾകൊണ്ടു ആറു ശതാബ്ദത്തിനുമുമ്പു ജീവിച്ചിരുന്ന റോമാക്കാർക്കു തുല്യരും ആകുന്നു" അനന്തരം മലയാളത്തിലെ കർമ്മലീത്താ കൊവേന്തകളേയും കന്യാമഠങ്ങൾ ആദിയായവയേയും പററി വിസ്തരിച്ചും സ്തുതിച്ചും പ്രസ്താവിച്ചശേഷം മലയാള വിവരണം അധികം ദീർഘിച്ചാൽ മററു ഭാരതീയ കത്തോലിക്കർക്കു നിരസം തോന്നിയേക്കുമോ എന്നു വിനോദരസത്തോടെ പറഞ്ഞുകൊണ്ടു ഇന്ത്യയിലെ മററു കത്തോലിക്കരെപ്പററി പറഞ്ഞുതുടങ്ങി.

വാസ്കോഡിഗാമാ ഇന്ത്യയിൽ വന്നെത്തിയതും തദ്വാരാ ഇന്ത്യയുടെ രണ്ടാമപ്പസ്തോലനായ വി. ഫ്രാൻസിസ്സ് ശൌര്യരിയാർ വേദം പ്രസംഗിച്ചതും ഈശോസഭക്കാരനായ ഡിനോബിലി ധുരാമിഷ്യൻ സ്ഥാപിച്ചതും മററും വർണ്ണിച്ചു മെരിഡൻകോൺഗ്രസ്സുവരെ വിശദമായി പ്രസംഗിച്ചു. തൃശ്ശിനാപ്പള്ളി കോളേജ്, കാണ്ടി പുത്തൻപള്ളി സെമ്മിനാരികൾ ആദിയായ പ്രധാന കത്തോലിക്കാസ്ഥാപനങ്ങളും മേൽപ്പറഞ്ഞ വിവരണത്തിൽ ഉൾപ്പെട്ടവയത്രെ. സെമ്മിനാരികളെപ്പററി പ്രസ്താവിച്ചപ്പോൾ ഇന്ത്യയിലെ സെമ്മിനാരികളും വിദ്യാർത്ഥികളും റോമയോടു കിടപിടിക്കുമെന്നു പ്രസ്താവിച്ചു. അനന്തരം കഴിഞ്ഞ അൻപതു വർഷങ്ങൾക്കിടയിൽ ഇന്ത്യയിലെ കത്തോലിക്കാഭിവൃദ്ധിയെ പ്രസ്പഷ്ടമാക്കുന്ന ഒരു കണക്കുവായിച്ചു. അതിനെ സ്ഥാപിക്കുന്നതിലേക്കു അന്നു എറണാകുളം നവചിത്രപ്രദർശനത്തിൽ നിന്നും അവിടങ്ങളിലെ മനസ്സുതിരിവിനെ സംബന്ധിച്ച തനിക്കു ലഭിച്ച എഴുത്തുകളെപ്പററിയും പറയുകയുണ്ടായി. പിന്നീടുണ്ടായതു മതസംബന്ധമായ ചിത്രപ്രദർശനമായിരുന്നു. മൈലാപ്പൂരിലെ വിശുദ്ധ തോമ്മയുടെ ശവകുടീരം, ഗോവയിലെ വിശുദ്ധ ശൌര്യാരുടെ കവറിടം, തൃശ്ശിനാപ്പള്ളി കോളേജു കപ്പേള ആദിയായവ ഇതിലെ ഭാഗങ്ങളായിരുന്നു.

കടശി കർദ്ദിനാൾതിരുമനസ്സിലേക്കു ഉപകാരം പറഞ്ഞുകൊണ്ടും, ഇക്കൊല്ലം ചെയ്തപോലെ ഒരിക്കൽ ഇന്ത്യയേയും സന്ദർശിക്കണമെന്നു അതിതാല്പര്യത്തോടെ അപേക്ഷിച്ചുകൊണ്ടും ദീർഘപ്രസംഗം അവസാനിപ്പിച്ചു. അത്യുന്നത കർദ്ദിനാൾ സന്തോഷപുരസ്സരം ഡലഗേറ്റവർകൾക്കു നന്ദിപറയുകയും ഇന്ത്യയ്ക്കുവേണ്ടി തിരുമനസ്സുകൊണ്ടും ഞങ്ങളും പ്രത്യേകം അപേക്ഷിക്കുന്നതാണെന്നു ഉറപ്പു പറയുകയും ചെയ്തു.

കടവിൽ മാത്യൂശ്.

## യാക്കോബായ പാത്രിയർക്കീസും.

യാക്കോബായ സഭക്കു മലയാളത്തിൽ ൨൦൦ വർഷത്തെ പഴക്കമേയുള്ളു. മലയാള സുറിയാനിക്കാരിൽ ഗണ്യമായ ഒരുഭാഗം ൧൬൫൩-ൽ പോർട്ടുഗീസുമെത്രാന്മാരുടെ ഭരണത്തോടു എതിർത്തെങ്കിലും, ൧൬൬൩-ൽ "കെമ്മീസറി അപ്പസ്തൊലിക്കാ"യെ സ്വീകരിക്കാതിരുന്നവരാത്രെ തങ്ങളുടെ പൂർവ്വഭാഷ ശാശ്വതമായി ഉപേക്ഷിച്ചു "പുത്തൻകൂറുകാര"യി തിരിഞ്ഞുപോയതു. ൧൬൬൫-ൽ (മലയാളത്തിൽ ആദ്യമായി) വന്ന യാക്കോബായ മെത്രാനായ ശ്രീഗോറിയോസിനെ ഇക്കൂട്ടർ അവരുടെ മതാദ്ധ്യക്ഷനായി സ്വീകരിച്ചപ്പോൾ അവർ തങ്ങളുടെ പൂർവ്വികവിശ്വാസത്തെ യാക്കോബായ വിശ്വാസമായി വെച്ചുമാറിക്കൊണ്ടു യാക്കോബായക്കാരായിത്തീർന്നു. എങ്കിലും മലയാളസഭ പൂർവ്വകാലം മുതൽ ഉപയോഗിച്ചിരുന്ന കൽദായ സുറിയാനി ഉപേക്ഷിച്ചു, യാക്കോബായ സഭയുടെ

വൈദിക ഭാഷയായ പാശ്ചാത്യ സുറിയാനി പുത്തൻകൂറ്റുകാർ സന്തോഷമായി സ്വീകരിച്ചതു പ്രവാസത്തിൽ മാത്രമത്രേ. ഇത്ര അടുത്തകാലത്തുമാത്രം യാക്കോബായ വിശ്വാസവും യാക്കോബായ സഭയും സ്വീകരിച്ച പുത്തൻകൂർ സഹോദരന്മാർ, തങ്ങളുടെ മേലദ്ധ്യക്ഷനായ യാക്കോബായ പാത്രിയർക്കീസിനു സാക്ഷാത്തായ പാത്രിയർക്കാധികാരവും അപ്പോസ്തോല പിന്തുടർച്ചയുമുണ്ടായെന്നു ഗാഢമായി വച്ചാലോചിക്കേണ്ടതാണ്.

സഭാചരിത്രത്തിൽ പാണ്ഡിത്യമില്ലാത്ത സാധുക്കളായ യാക്കോബായക്കാരുടെ "കണ്ണിൽ മണ്ണിട്ടു"ന്നതിനു ചിലർ ഒരു വിദ്യ കണ്ടുപിടിച്ചിട്ടുണ്ട്. ഇതു ഇപ്രകാരമത്രേ. "പ്രഥമശതാബ്ദംമുതൽ ക്രിസ്തീയ സഭയിൽ, റോമ്മാ, അലക്സാന്ത്രിയാ, അന്തിയോക്കിയാ, ഓറശ്ലേം എന്ന പട്ടണങ്ങളിൽ ഭരിച്ചിരുന്ന സമാധികാരികളായ നാലു പാത്രിയർക്കീസന്മാരുണ്ടായിരുന്നുവെന്നും, കാലക്രമേണ റോമ്മാപാത്രിയർക്കീസു കൂടുതൽ ശക്തനായിത്തീർന്ന് ഇതര പാത്രിയർക്കീസന്മാരുടെ മേൽ അധികാരം നടത്തുന്നതിനു ന്യായരഹിതമായി ശ്രമിക്കയും വാദിക്കയുമാണുണ്ടായതെന്നും, ആകയാൽ ഇന്ത്യമുതലായ പൌരസ്ത്യപ്രദേശങ്ങൾ അന്തിയോക്കിയാ പാത്രിയർക്കീസിന്റെ മേലധികാരത്തെ സ്വീകരിക്കുന്നതല്ലാതെ, റോമ്മാപാത്രിയർക്കീസിനു കീഴ്‌വഴങ്ങുന്നതു ശരിയല്ലെന്നും പൂർവ്വിക അന്തിയോക്കിയാ പാത്രിയർക്കീസന്മാരുടെ ന്യായമായ പിൻഗാമികൾ യാക്കോബായ പാത്രിയർക്കീസന്മാരാണെന്നും" അനിഷേധ്യമായ ചരിത്രസംഭവമായി അവർ പ്രസ്താവിക്കുന്നു. പക്ഷേ ഈ പ്രസ്താവന ഒരു കെട്ടുകഥമാത്രമാണെന്നും, ചരിത്രത്തിലും സഭാനിയമത്തിലും ഇതിനു യാതൊരടിസ്ഥാനവുമില്ലെന്നും തെളിയിപ്പാൻ പ്രയാസമില്ല.

[illegible] പ്രഥമശതാബ്ദങ്ങളിൽതന്നെ തിരുസഭയിൽ വൈദിക മേലദ്ധ്യക്ഷ ഭരണക്രമം അഥവാ ഹൈരാർക്കി (Hierarchy) ക്രമീകരിക്കപ്പെട്ടു. രാജകീയ പ്രദേശങ്ങളെപ്പോലെ സഭാപ്രദേശങ്ങളും (Ecclesiastical Provinces) ഉളവായി. ഓരോ പ്രദേശങ്ങളുടെയും പ്രധാന പട്ടണങ്ങളുടെ മെത്രാന്മാർ സഭാനിയമപ്രകാരം ആ പ്രദേശങ്ങളിലെ മറ്റു മെത്രാന്മാരുടെ മേലധികാരികൾ അഥവാ മെത്രാപ്പോലീത്താമാർ ആയിത്തീർന്നു. റോമ്മാസാമ്രാജ്യത്തെ ഡിയോക്ലേഷ്യൻ (Diocletian) നാലു സംസ്ഥാനങ്ങളായി (praefecturae) വിഭജിച്ചു. എല്ലാ പൌരസ്ത്യ സംസ്ഥാനങ്ങളിലെ (Praefectura Orientis) പ്രധാന പട്ടണങ്ങൾ അലക്സാന്ത്രിയായും അന്തിയോക്കിയായും ആയിരുന്നു. ഈ രണ്ടു പട്ടണങ്ങളിലെയും മെത്രാന്മാർക്ക് അടുത്ത പ്രദേശങ്ങളിലുള്ള മെത്രാപ്പോലീത്താമാരുടെമേലും അധികാരം നൽകപ്പെട്ടു. ഈ ഉന്നതാധികാരത്തിനു കാലക്രമേണ പാത്രിയർക്കാധികാരം എന്ന സംജ്ഞയും സിദ്ധിച്ചു. റോമ്മാ മെത്രാൻ, പരമാധികാരത്തിൽ വി. പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ എല്ലാ മെത്രാപ്പോലീത്താമാരുടെമേലും അലക്സാന്ത്രിയായിലെയും അന്തിയോക്കിയായിലെയും പാത്രിയർക്കീസന്മാരുടെമേലും തക്ക അവസരമോ ആവശ്യമോ നേരിട്ടപ്പോഴൊക്കെയും, അധികാരം നടത്തിയിരുന്നു. ("മാർപ്പാപ്പയുടെ അപ്രമാദിത്വവും അകത്തോലിക്കാ വാദങ്ങളും" ൬- മുതൽ ൯വരെയുള്ള പക്കങ്ങൾ നോക്കുക). എന്നാൽ റോമ്മാസാമ്രാജ്യത്തിന്റെ മൂന്നു സംസ്ഥാനങ്ങളായ ഇററലി, ഗാൾ, ഇല്ലിറിക്കം എന്ന രാജ്യങ്ങളിലുള്ള മെത്രാന്മാരുടെയും മെത്രാപ്പോലീത്താമാരുടെയും പ്രത്യേക മേലന്വേഷണവും സാധാരണയായി റോമ്മാ മെത്രാൻതന്നെ നേരിട്ടു നടത്തിയിരുന്നതിനാൽ, അദ്ദേഹം പാശ്ചാത്യ അഥവാ റോമ്മാ പാത്രിയർക്കീസ് എന്നും വിളിക്കപ്പെട്ടിരുന്നു. (Fortescue, Orthodox Eastern Church, P. 21- 23)

ഏററവും പൂർവ്വികമായ സഭാനിയമങ്ങൾ, റോമ്മായുടെയും അലക്സാന്ത്രിയായുടെയും അന്തിയോക്കിയായുടെയും മെത്രാന്മാർക്കുമാത്രം പ്രാരംഭത്തിൽ പാത്രിയർക്കാധികാരമുണ്ടായിരുന്നതായി പ്രസ്താവിക്കുന്നു. ഓർശ്ലേമിനാകട്ടെ ആദ്യത്തെ നാലു നൂറ്റാണ്ടുകളിൽ പാത്രിയ

ക്കാസ്ഥാനമോ അധികാരമോ ഉണ്ടായിരുന്നില്ല. ഓറശ്ലേം സിസറിയാ (Caesarea) മെത്രാപ്പോലീത്തായുടെ കീഴിലുള്ള ഒരു സഫ്രഗൻ രൂപത (Suffragan see) മാത്രമായിരുന്നു. എന്നാൽ റോമ്മാ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചതിനോടെ ഓറശ്ലേംകുള്ള തീർത്ഥയാത്രക്കാരുടെ സംഖ്യ പൂർവ്വാധികം വർദ്ധമാനമായിത്തീർന്നതിനാൽ, ഓറശ്ലേം മെത്രാന്റെ അവസ്ഥ ഉന്നതി പ്രാപിച്ചു. ക്രിസ്ത്വാബ്ദം ൩൨൫-ൽ ലോകത്തിൽ പാത്രിയർക്കീയ സിംഹാസനങ്ങൾ മൂന്നുമാത്രമായിരുന്നു. പ്രസ്തുത വത്സരത്തിൽ സമ്മേളിച്ച പൊതുസൂനഹദോസിന്റെ ൬-ാം നിയമം റോമ്മായുടെയും അലക്സന്ത്രിയായുടെയും അന്തിയോക്കിയായുടെയും മെത്രാന്മാരുടെ പാത്രിയർക്കാധികാരത്തെ ഒരു "പൂർവ്വനടപ്പാ"യി (ancient custom) സ്ഥിരീകരിച്ചു. ൭-ാം നിയമത്തിൽ ഓറശ്ലേമിനു ബഹുമാനപദവി കല്പിച്ചുകൊടുത്തുവെങ്കിലും, സിസറിയാ മെത്രാപ്പോലീത്തായിക്കു ഓറശ്ലേം മെത്രാന്റെ മേലുള്ള അധികാരം എടുത്തുകളഞ്ഞില്ല. ("Since custom and ancient tradition have obtained that the bishop in Aelia (Jerusalem) be honoured, let him have the succession of honour saving however the domestic right of the metropolis"-Can VII) സിസറിയായാകട്ടെ അന്തിയോക്കിയാ പാത്രിയർക്കീസിന്റെ അധികാരസീമയിൽ ഉൾപ്പെട്ടിരുന്നു. ഓറശ്ലേം സിസറിയായുടെയും അന്തിയോക്കിയായുടേയും മേലധികാരത്തിൽ നിന്നു നിയമപ്രകാരം സ്വാതന്ത്ര്യം പ്രാപിച്ച്, പാത്രിയർക്കീയ സിംഹാസനമായി ആദ്യമായി ഉയർത്തപ്പെട്ടതു്, ൪൫൧-ൽ കൽക്കദോനിയായിൽ സമ്മേളിച്ച പൊതുസൂനഹദോസിൽവെച്ചത്രേ. കൊൺസ്റ്റാന്റിനോപ്പിൾ മെത്രാനു റോമ്മാമെത്രാന്റെ പിന്നാലെ ബഹുമാനപദവി, ൩൮൧-ൽ ആ പട്ടണത്തിൽ സമ്മേളിച്ച സൂനഹദോസു കല്പിച്ചുകൊടുത്തുവെങ്കിലും, കൊൺസ്റ്റാന്റിനോപ്പിൾ മെത്രാനു പാത്രിയർക്കാധികാരം നൽകിയതും ൪൫൧-ൽ സമ്മേളിച്ച കൽക്കദോനിയാ സൂനഹദോസു തന്നെയത്രെ.

ആകയാൽ ക്രിസ്തീയസഭയിൽ ൪൫൧ാം വർഷംവരെ മൂന്നു പാത്രിയർക്കീയ സിംഹാസനങ്ങൾ മാത്രമുണ്ടായിരുന്നു. ൪൫൧ലാകട്ടെ പാത്രിയർക്കീയ സിംഹാസനങ്ങളുടെ എണ്ണം അഞ്ചായി വർദ്ധിച്ചു. ആകയാൽ പ്രഥമ ശതാബ്ദങ്ങളിൽ ക്രിസ്തീയ സഭയിൽ നാലു പാത്രിയർക്കീയ സിംഹാസനങ്ങളുണ്ടായിരുന്നുവെന്നു പ്രസ്താവിക്കുന്നതു, ഒരു കെട്ടുകഥമാത്രമാണ്. ഈ മൂന്നു പാത്രിയർക്കീസന്മാർ സമാധികാരികളല്ലായിരുന്നുവെന്നും, റോമ്മാ പാത്രിയർക്കീസു പരമാധികാരത്തിൽ വി. പത്രോസിന്റെ പിൻഗാമിയായിരുന്നുവെന്നും, ക്രിസ്തീയ സഭ ഇപ്രകാരം അദ്ദേഹത്തെ അംഗീകരിച്ചിരുന്നുവെന്നും, അദ്ദേഹം ഈ അധികാരം ഇതര പാത്രിയർക്കീസന്മാരുടെമേലും ഉപയോഗിച്ചിരുന്നുവെന്നും, വേദപുസ്തകത്തേയും പാരമ്പര്യത്തേയും അടിസ്ഥാനമാക്കിക്കൊണ്ടു, പൂർവ്വിക സഭാപിതാക്കന്മാരും പൊതുസൂനഹദോസുകളും സഭാചരിത്രവും വിശദീകരിക്കുന്നുവെന്നു ഇവിടെ തിരിച്ചു പ്രസ്താവിച്ചിട്ടു ആവശ്യമില്ല. ("മാർപ്പാപ്പായുടെ അപ്രമാദിത്വവും അകത്തോലിക്കവാദങ്ങളും" എന്ന പുസ്തകം വായിക്ക) (തുടരും)

ഫാദർ റൊമേറൂസ് സി. ഡി.

## അപ്പന്റെ ആത്മാവ്.

ക്രിസ്ത്വാബ്ദം ൧൯൨൦ സെപ്റ്റംബർ മാസത്തിന്റെ മദ്ധ്യ തീയതികളിൽ ബെൽജിയം രാജ്യത്തിലെ ഒരു കന്യകാമഠത്തിൽ ഒരു യുവ കന്യാസ്ത്രി തന്റെ കപ്പേളയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. സ്വാത്മീയ മണവാളനോടുള്ള സ്നേഹസം

ഭാഷണത്തിൽ ഏകാഗ്രചിത്തയായി പരമാനന്ദത്തിൽ ലയിച്ചിരുന്ന ആ കന്യകയുടെ ഹൃദയം പെട്ടെന്ന് ഏതോ ആഴമേറിയ ദുഃഖാബ്ധിയിൽ ആണ്ടുപോയി. തന്റെ മനഃശക്തി അശേഷം ക്ഷയിച്ചു. നിസ്സഹായയായി അവൾ കപ്പേളയിൽനിന്നും എണീററു സ്വന്ത മുറിയിൽ വന്നു സന്താപകാരണം ആരാഞ്ഞുതുടങ്ങി. എന്നാൽ എത്ര കൂടുതലായി അന്വേഷിച്ചോ അത്ര അധികമായി വ്യസനഹേതു അവൾക്കു അപ്രാപ്യമായും മനോവ്യഥ വർദ്ധമാനമായും വന്നതേയുള്ളു. മുട്ടിന്മേൽനിന്നു കൈവശമുണ്ടായിരുന്ന കുരിശാരോഹണ രൂപത്തെ ആലിംഗനം ചെയ്തുകൊണ്ടും കണ്ണുനീർ വീഴ്ത്തിക്കൊണ്ടും അപേക്ഷിപ്പാൻ തുടങ്ങി. എന്നിട്ടും ഉദ്ദിഷ്ടഫലം ഉണ്ടായില്ല. വല്ല പാപക്കുണ്ടിലും വീണു തന്റെ ആത്മാവിനു ഏതെങ്കിലും മുറിവു പററിയിട്ടുണ്ടോയെന്നു കൂലങ്കഷമായ ഒരു ആത്മശോധന നടത്തി. തത്താദൃശ ക്ഷതങ്ങൾ യാതൊന്നും തന്നെ യാതനപ്പെടുത്തുന്നില്ലെന്നു പൂർണ്ണ ബോധമുണ്ടായി. ഇതെല്ലാമായിട്ടും ആ കന്യകയെ ബാധിച്ച മാനസികവേദനക്കു യാതൊരു ശാന്തിയും കാണുന്നില്ല. അവളുടെ മുഖം വിളറി. ദേഹം തളർന്നു. വിഭ്രാന്തിയോടെ എഴുന്നേററു കട്ടിലിന്മേൽ ചെന്നു വീണു ചിന്തിപ്പാൻ തുടങ്ങി. ഈ വിധത്തിൽ ദിവസങ്ങൾ മൂന്നുനാലു കഴിഞ്ഞു.

സെപ്ററംബർ ൨൦-ാംനു ഇപ്രകാരം ഈ കന്യാസ്ത്രീ ചിന്താഗ്രസ്തയായി കിടക്കുമ്പോൾ തന്റെ മുറിയുടെ വാതുക്കൽ ആരോ വന്നു മുട്ടിയതുപോലെ തോന്നി. വേഗം എഴുന്നീററു വാതിൽ തുറന്നപ്പോൾ മഠത്തിലെ ശ്രേഷ്ഠത്തി തനിക്കു ഒരു എഴുത്തുംകൊണ്ടു വന്നു നിൽക്കുകയാണെന്നു മനസ്സിലായി. ഇതു കാററക്കോസ് നഗരത്തിൽനിന്നും ആരുടെയോ മരണവാർത്താവാഹിയായി വന്നിട്ടുള്ള ഒരു കത്താണെന്നു പ്രഥമദൃഷ്ടിയിൽത്തന്നെ മനസ്സിലാകത്തക്കവണ്ണമുള്ള ബാഹ്യചിഹ്നങ്ങൾ അതിന്മേൽ പ്രത്യക്ഷമായിരുന്നു. എഴുത്തു പൊട്ടിച്ചു വായിച്ചപ്പോൾ പെട്ടെന്നു ഒരു ഇരുൾ അവളുടെ മുഖത്തു നൃത്തമാടി. കൈ വിറച്ചു. കാലുകൾ തറയിൽ ഉറക്കാതെ തളർന്നുപോയി. ആ മാസം പതിനേഴാം തീയതി ഇഹലോകവാസം വെടിഞ്ഞ തന്റെ പിതാവിന്റെ ചരമവാർത്തയും, തന്നെ അതുവരെ ബാധിച്ചിരുന്ന സന്താപനിമിത്തവും വെളിപ്പെടുത്തിയ ആ എഴുത്തു മേശയിൽ വച്ചു.

ഇങ്ങിനെ സംഗതികൾ ഒരുവിധം വ്യക്തമായെങ്കിലും ആ സഹോദരിയുടെ വിഷാദം അനുദിനം അവളുടെ ഹൃദയത്തെ ദഹിപ്പിച്ചുകൊണ്ടുതന്നെയിരുന്നു. പിന്നീടു പലപ്പോഴും, തന്റെ അപ്പന്റെ മരണസമയത്തുണ്ടായ നെടുവീർപ്പുകളും, മരണവേദനയിൽ നിന്നുളവായ ദൈന്യസ്വരങ്ങളും ആ കന്യകയുടെ ശ്രോത്രേന്ദ്രിയങ്ങളെ ഭേദിച്ചുകൊണ്ടിരുന്നു. "എന്റെ വാത്സല്യമകളെ, എന്റെമേൽ അലിവുണ്ടായിരിക്കേണമേ! അലിവുണ്ടായിരിക്കേണമേ!" എന്നു ഒരു ആർദ്രരോദനം നിലയില്ലാതെയും പ്രസ്പഷ്ടമായും നിലവിളിക്കുന്നതു അവൾ അനേകവേലം ശ്രവിച്ചിരുന്നു. ഒക്ടോബർ നാലാംതീയതിമുതൽ നവമായ പീഡകളാൽ അവൾ വീണ്ടും പൂർവ്വാധികം കഷ്ടപ്പെടുവാൻ തുടങ്ങി. ഈ സ്ഥിതി തന്മാസത്തിന്റെ പകുതിയോളം ദീർഘിച്ചു. ഇങ്ങിനെ അതികഠിനമായ പീഡയാൽ ആത്മവശിതയായി ഈ സഹോദരി പ്രസ്തുത മാസം ൧൯-ാംനു തന്റെ ശയനമുറിയിൽ പോയി കിടക്കാൻ തുടങ്ങിയപ്പോൾ അവൾക്കും ഭിത്തിക്കും മദ്ധ്യേ ഒരു ഭയാനക ദർശനം ഉണ്ടായി. ആപാദമസ്തകം തീജ്വാലകളാൽ പരിവേഷ്ടിതനും വാചാമഗോചരമായ ദുഃഖത്താൽ പരിപൂരിതനും ആയ ഒരു ഭയങ്കര സത്വത്തെയാണ് അവൾ കണ്ടതു്. ആശ്രമത്തിൽ കളിയാടിക്കൊണ്ടിരുന്ന നിശ്ശബ്ദതയെ ഭേദിച്ച് എന്തെന്ന ക്ലാന്തവിധത്തിൽ നിലവിളിച്ചുകൊണ്ട് തന്റെ ഹൃദയാന്തർഭാഗത്തു തിങ്ങിവിങ്ങിയിരുന്ന ഭയാനലനെ ആ സത്വം പുറത്തേക്കു നിർഗ്ഗമിപ്പിച്ചു. ഒരുപ്രകാരത്തിൽ ധൈര്യം അവലംബിച്ചും പ്രാർത്ഥിച്ചുംകൊണ്ട് ആ സഹോദരി സൂക്ഷിച്ചു നോക്കിയപ്പോൾ അവിടെ പ്രത്യക്ഷമായ സത്വരൂപം തന്റെ

പിതാവിന്റേതാണെന്നു മനസ്സിലായി.

ആ കൃത്യസമയത്തുതന്നെ പിറെറന്നും ഈ കന്യക 'രാജകന്യക'യെന്ന ജപം ചൊല്ലിക്കൊണ്ടിരുന്നപ്പോൾ ഈ ആത്മാവു വീണ്ടും അവൾക്കു പ്രത്യക്ഷമായി. പിന്നീടു അയാളുടെ മോചനദിവസംവരെ അതേ സ്ഥലത്തുതന്നെ കൃത്യസമയത്തു കാണപ്പെട്ടുകൊണ്ടിരുന്നു. രണ്ടാംദിവസം മകൾ ഇപ്രകാരം ചോദിച്ചു.

വാത്സല്യ പിതാവേ! അങ്ങ് ഇത്ര കഠോര പീഡകളെല്ലാം അനുഭവിച്ചു അതിദാരുണമായ ഈ അഗ്നിയാൽ ദഹിപ്പിക്കപ്പെടത്തക്കവണ്ണം ജീവിതകാലത്തിൽ ആരോടു് എന്തു മഹാപാപമാണു ചെയ്തിട്ടുള്ളതു്?

അപ്പൻ— എന്റെ മകളേ! ഞാൻ ആരോടും യാതൊരു പാപവും ചെയ്തില്ല. എന്നാൽ ഇപ്പോൾ ഞാൻ അനുഭവിക്കുന്ന ഈ കഠിന പ്രായശ്ചിത്തങ്ങൾ ജീവിതകാലത്തു എന്നിലുണ്ടായിരുന്ന നിസ്സാരമായ അക്ഷമയുടെയും, ഇവിടെ പ്രഖ്യാപനം ചെയ്വാൻ അനുവദിക്കപ്പെട്ടിട്ടില്ലാത്ത ചില ചില്ലറ കുററങ്ങളുടെയും ഫലമാണ്. (തുടരും.)

പി. ഉലഹന്നാൻമാപ്പിള.

## തിരുഹൃദയഭക്തന്മാർ ൧൦൭൮ കുംഭമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### "കത്തോലിക്ക വിദ്യാലയങ്ങൾ."

വിദ്യാഭ്യാസസംബന്ധമായി ലോകത്തിൽ എല്ലായിടത്തും അത്ഭുതപൂർവ്വമായ ഒരുണർച്ച ഉണ്ടായിട്ടുണ്ടു. എത്രയും നിർദ്ധനരായ ആളുകൾ പോലും എന്തെല്ലാം കഷ്ടപ്പാടുകൾ സഹിച്ചിട്ടെങ്കിലും തങ്ങളുടെ കുട്ടികളെ അക്ഷരാഭ്യാസം ചെയ്യിക്കുന്നതിൽ സർവ്വത്ര ജാഗരൂകന്മാരായി കാണപ്പെടുന്നു. സാക്ഷാലുള്ള വിദ്യാഭ്യാസത്തെ പ്രദാനം ചെയ്യുന്നതിലേക്കു ജനസാമാന്യത്തിന്റെ ഈ ഉണർച്ചയെ ഉപയോഗപ്പെടുത്തി എടുത്താൽ ലോകത്തിനു തൻമൂലം ഗണ്യമായ ഗുണം സിദ്ധിക്കുന്നതുമാണ്. ഇപ്രകാരമുള്ള ഒരു ഫലം ആധുനികവിദ്യാഭ്യാസസംപ്രദായംകൊണ്ടു ഉൽഭൂതമാകുന്നുണ്ടോ എന്നു പരിശോധിക്കുന്ന പക്ഷം ഇല്ലെന്നു സവ്യഥം സമ്മതിക്കേണ്ടിവരും. ഇതിന്റെ കാരണം വിദ്യാഭ്യാസരീതി പരിഷ്കരിച്ചുവരുന്നതും സാക്ഷാൽ അതിന്റെ അടിസ്ഥാനത്തിനു കേടുഭവിച്ചാണു കാണപ്പെടുന്നതെന്നുള്ളതല്ലാതെ വേറൊന്നും പറവാനില്ല. ഞാനാരാണ്? എവിടെനിന്നുവന്നു? എങ്ങോട്ടുപോകുന്നു? എന്നിത്യാദി ഗൌരവതരങ്ങളായ ചോദ്യങ്ങൾക്കു ക്ലിപ്തമായ മറുപടി കണ്ടെത്തുന്നതിനും തദനുസരണം ജീവിക്കുന്നതിനും പര്യാപ്തമായ മതവിഷയകമായ ശാസ്ത്രാഭ്യസനത്തെ നിഷേധിച്ചുകൊണ്ടുള്ള എല്ലാവിധ വിദ്യാഭ്യാസസംപ്രദായങ്ങളും അസ്ഥിവാരരഹിതമായ ഒരു ശാസ്ത്രസൌധമെന്നല്ലാതെ പറവാൻമാർഗ്ഗം കാണുന്നില്ല. ദൈവത്തെയും മതത്തെയും അവഗണിച്ചുള്ള യാതൊരു വിദ്യാഭ്യാസവും വിദ്യാഭ്യാസമെന്നു പറഞ്ഞുകൂടാ. എങ്കിലും ഈ രീതിയിലുള്ള വിദ്യാഭ്യാസത്തെ പുലർത്തിക്കൊണ്ടുപോകുന്നതിനാണ് ഇന്നു എല്ലാ പരിഷ്കൃതഗവർമ്മെണ്ടുകളും നിരന്തരയത്നം ചെയ്യുന്നതു്. പ്രജകളിൽ യാതൊരു മതവിഭാഗക്കാർക്കും അസഹ്യം നേരിടാതിരിക്കുന്നതിലേക്കു മതനിഷ്പക്ഷതാപരമായി നടത്തപ്പെടുന്ന ഈ വിധ വിദ്യാലയങ്ങൾമൂലം ബാലഹൃദയങ്ങളിൽനിന്നു ദൈവവിചാരവും മതബോധവും എത്ര ശക്തിമത്തായി ദൂരീകരിക്കപ്പെടുന്നുവെന്നു അവർ ഇനിയെങ്കിലും ഗ്രഹിക്കാത്തതു ആശ്ചര്യാവഹംതന്നെ.

ഈ ദുർന്നയത്തോടു എതിർത്തു പോരാടുന്നതിനു കത്തോലിക്കാസഭമാത്രമേ ലോകത്തിലുള്ളു. തന്റെ മക്കളെ വേ

ദപഠനം കൂടാതെയുള്ള വിദ്യാലയങ്ങളിൽ അയച്ചാലുള്ള ദോഷഫലം ആ മാതാപിതാക്കൾ നല്ലപോലെ അറിയാം. അതിനാൽ എത്രകഷ്ടനഷ്ടങ്ങൾ സഹിച്ചും സ്വന്തകുട്ടികളെ സ്വന്ത വിദ്യാലയങ്ങളിൽതന്നെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു സർവ്വത്ര ശ്രമിച്ചുവരുന്നു. ഇംഗ്ലണ്ട്, ഫ്രാൻസ്, അമേരിക്കാ മുതലായ സ്ഥലങ്ങളിൽ കത്തോലിക്കർ വിദ്യാഭ്യാസത്തിനായുള്ള പൊതുനികുതി ഗവർമ്മേണ്ടിലേക്കു കൊടുത്തശേഷം, കുട്ടികളെ ഗവർമ്മേണ്ടു വിദ്യാലയങ്ങളിൽ അയക്കാതെ ഗവർമ്മേണ്ടിന്റെ യാതൊരു ആനുകൂല്യവും കൂടാതെതന്നെ സ്വന്ത പള്ളിക്കൂടങ്ങൾ ഉണ്ടാക്കി നടത്തുന്നതിനാണ് ശ്രമിച്ചുവരുന്നത്. ഫ്രാൻസിൽ ഈ തരത്തിൽ ഏകദേശം പന്തീരായിരവും, അമേരിക്കയിലെ ഐക്യരാജ്യങ്ങളിൽ ആറായിരവും വിദ്യാശാലകൾ ഉണ്ടെന്നു കേൾക്കുമ്പോൾ ഈ വിഷയത്തിൽ എത്ര വലിയ ശ്രമമാണ് അവർ ചെയ്യുന്നതെന്നു ഊഹിക്കാം. ആകയാൽ കത്തോലിക്കർ തങ്ങളുടെ കുട്ടികളെ കത്തോലിക്കാ വിദ്യാലയങ്ങളിൽ തന്നെ അയക്കത്തക്കവണ്ണം പ്രസ്തുത വിദ്യാലയങ്ങൾ വർദ്ധിച്ചുവരുന്നതിനു തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രാർത്ഥിക്കണം.

മീനമാസം "തിരുഹൃദയകുടുംബപ്രതിഷ്ഠ"

## പുതിയ പ്രസിദ്ധീകരണങ്ങൾ.

### 1. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങൾ അഥവാ വിശുദ്ധ വാരം.

മാനേജർ ലൂയീജിയൻ ഡിപ്പോ,
സെമ്മിനാരി, കൊല്ലം.
വില 10 അണ.

കൊല്ലം സെൻറ് അലോഷ്യസ് ഹൈസ്കൂൾ മാനേജരും സെൻറ് റഫേൽ സെമ്മിനാരി റെക്ടരുമായ വെറി റവ. ഫാദർ ജെ പി. റിബേരാ അവർകൾ ഭാഷാന്തരംചെയ്തു പ്രസിദ്ധീകരിച്ചിട്ടുള്ള ഈ കൃതി സുറിയാനിറീത്തിലും ലത്തീൻറീത്തിലുംപെട്ട എല്ലാ കത്തോലിക്കർക്കും വിശുദ്ധ വാരത്തിലെ ഹൃദയാകർഷകങ്ങളും ഭക്തിസംവർദ്ധകങ്ങളുമായ വിവിധ തിരുകർമ്മങ്ങളിൽ ഫലസിദ്ധിയോടെ സംബന്ധിക്കുന്നതിനു സഹായിക്കുന്ന ഒരു വിശിഷ്ടപ്രബന്ധമാണ്. പ്രസ്തുത ദിവസങ്ങളിൽ ദേവാലയത്തിൽ നടത്തപ്പെടുന്ന എല്ലാ ചടങ്ങുകളുടെയും പ്രതിപദതർജ്ജമക്കു പുറമേ ലത്തീൻകുർബ്ബാനയുടെ ഒരു പരിഭാഷയും ഇതിൽ ചേർത്തിട്ടുണ്ട്. മുന്നൂറോളം പക്ഷങ്ങളുള്ള ഈ പാവനമായ ഗ്രന്ഥം അടുത്ത വിശുദ്ധ വാരത്തിനുമുമ്പായി കേരളത്തിൽ സർവ്വത്ര പ്രചരിച്ചുകാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

### 2. വിശുദ്ധ ശവര്യാർ.

മാർത്തോമ്മാ പ്രസിദ്ധീകരണസംഘം.
കുറവിലങ്ങാട്ട്. വില അണ 5.

റവ. ഫാദർ സി. കെ മററം അവർകളുടെ ഈ നവീനകൃതി കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ ശേഖരത്തിൽ ഒരു പുതിയ പ്രസ്ഥാനത്തെ പ്രദ്യോതിപ്പിക്കുന്നുണ്ടെന്നു കാണുന്നതിൽ ഞങ്ങൾ അദ്ദേഹത്തെ ഹാർദ്ദമായി അനുമോദിക്കുന്നു. ഗ്രന്ഥപാരായണത്തിൽ കേവലം അഭിരുചിയില്ലാത്തവരെപ്പോലും സമാകർഷിക്കത്തക്കവണ്ണം സാമാന്യം ഭംഗിയുള്ള ഛായാചിത്രങ്ങളോടുകൂടി വൃത്തിയായി അടിച്ചിട്ടുള്ള ഈ ചരിത്രസംക്ഷേപം കയ്യിൽ കിട്ടിയാൽ വായിച്ചുതീർക്കാതെ താഴെ വെക്കുന്നവർ ചുരുങ്ങുമെന്നാണു ഞങ്ങൾക്കു തോന്നുന്നത്.

### 3. പുനർജ്ജന്മവാദം.

കോൺവെർഷ്യൻലീഗുപ്രസിദ്ധീകരണം.
നമ്പർ 24–25.
പുത്തൻപള്ളി, വരാപ്പുഴ.

ഹിന്തുമതത്തിന്റെ അസ്ഥിവാരം

പോലും ഇളകിത്തുടങ്ങിയിരിക്കുന്ന ഒരു ഷെട്ടുമാണിതെങ്കിലും അതിൻെറ 'പുനർജ്ജന്മവാദ'ഭിത്തി ചില സ്ഥലങ്ങളിൽ ഇളകാംതട്ടാതെ നിൽക്കുന്നതിൽ ആശ്ചര്യപ്പെടുകതന്നേ വേണം. ശാസ്ത്രപുരാണാദി യുക്തിവാദങ്ങളെ ഖണ്ഡിച്ചു മേല്പറയപ്പെട്ട ഭിത്തിശകലങ്ങളെ തകൎക്കുന്നതിനു ഈ ലഘുലേഖ എത്രകണ്ടു പര്യാപ്തമാണെന്നുള്ളത് ഒരാവൎത്തി അതു വായിച്ചുനോക്കിയാൽ മനസ്സിലാകുന്നതാണ്.

4\. വിവാഹ മാഹാത്മ്യം.

ജെ. പി. കാർഡോസാ.

മഞ്ചിപ്പുഴശ്ശേരി - ക്ലിപ്തം.

വില ചക്രം 7.

വിവാഹമെന്ന പരിശുദ്ധ കൂദാശയുടെ മാഹാത്മ്യം, മാതാപിതാക്കന്മാരുടെ ചുമതലകൾ ആദിയായി പല നല്ല കാൎയ്യങ്ങളെ പുരസ്കരിച്ച് അവസരോചിതമായ ദൃഷ്ടാന്തങ്ങളോടുകൂടി എഴുതിയിട്ടുള്ള ഈ ചെറിയ പുസ്തകത്തിനു നാലണ വിലവച്ചിരിക്കുന്നതു കുറേ കൂടുതലാണെങ്കിലും, അതിനെ വായിച്ചാലുണ്ടാകാവുന്ന ഫലം ആലോചിച്ചാൽ അതു ക്ഷന്തവ്യമാണെന്നു പറയാമെന്നു തോന്നുന്നു.

---

## വൎത്തമാനസംഗ്രഹം.

---

തിരുവിതാംകൂർ ഹൈക്കോടതി ജഡ്ജിയായിരുന്ന മുത്തുനായകംപിള്ള അവർകൾക്കു റാവു ബഹദൂർ സ്ഥാനം ലഭിച്ചിരിക്കുന്നതിൽ അദ്ദേഹത്തെ ഞങ്ങൾ അനുമോദിച്ചുകൊള്ളുന്നു.

കൊച്ചി രാജകുടുംബത്തിൽ ഇപ്പോൾ ൧൧൨ രാജകുമാരന്മാരും ൧൧൬ രാജകുമാരികളും ഉണ്ടെന്നു കാണുന്നു.

കോഴിക്കോട്ടു മെത്രാനായ മോൺസിഞ്ഞോർ പെരീനി അവർകൾക്കു കഴിഞ്ഞ നവംബർ ൪-നു-ലെ ഒരു തിരുവെഴുത്തിനാൽ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു (Count of Holy Roman Church & Assistant at the Pontifical Throne) എന്ന ബഹുമാനപദവികൾ കല്പിച്ചുകൊടുത്തിരിക്കുന്നു.

ജനുവരി ൧൬-നു- ബുധനാഴ്ച രാത്രി കൊല്ലത്തുനിന്നും ആലപ്പുഴയ്ക്കു പുറപ്പെട്ട "റെഡീമർ" എന്ന ബോട്ടു പല്ലനവളവിങ്കൽവച്ചു മുങ്ങി അനേകംപേൎക്കു ജീവനാശം സംഭവിച്ചകൂട്ടത്തിൽ മഹാകവി കുമാരനാശാൻ അവർകളും ഉൾപ്പെട്ടിരുന്നതായി അറിയുന്നു. കേരളിക്കു നേരിട്ട ഈ അനിഷ്ടമായ നഷ്ടത്തിൽ ഞങ്ങളും അനുശോചിക്കുന്നു.

ശിശുക്കളുടെ ശരിയായ സംരക്ഷണത്തെ ഉദ്ദേശിച്ചു ചെംസ്ഫോർഡ് പ്രഭുവിന്റെ നിർദ്ദേശാനുസരണം നടത്തപ്പെട്ടുവരുന്ന ശിശുവാരാഘോഷം ഇക്കഴിഞ്ഞ മാസത്തിൽ തിരുവിതാംകൂറിലും കൊച്ചിയിലും പല സ്ഥലങ്ങളിൽ മോടിയായി നടന്നിരിക്കുന്നു.

ഇൻഡ്യയുടെ ഡലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ട് ജനുവരി ൧൦-ാംനു- ഇററലിയിൽനിന്നു കപ്പൽകയറിയിരിക്കുന്നു. തിരുമനസ്സുകൊണ്ടു മടക്കത്തിൽ പലസ്തീനാ മുതലായ സ്ഥലങ്ങൾ സന്ദൎശിക്കുന്നതാണെന്നറിയുന്നു. എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലേക്കുള്ള 'പാലിയവും' അദ്ദേഹംകൊണ്ടുവരുന്നതായിരിക്കാം.

മിസ്റ്റർ പി. ജെ. തോമ്മസ് ക്രിസ്തുമസ്സിനു റോമയിൽ എത്തുമെന്നു നിശ്ചയിച്ചിരുന്നെങ്കിലും ഫെബ്രുവരിക്കുമുമ്പു അതിനു സാധിക്കയില്ലെന്നു അറിയുന്നു.

തൃശ്ശൂർ സെൻറു തോമ്മസ് കോളജു പ്രിൻസിപ്പാൾ റവ. ഫാദർ ജോൺപാലോക്കാരൻ എം. എ അവർകൾ ഉന്നതവിദ്യാഭ്യാസാനന്തരം ശീമയിൽനിന്നു കഴിഞ്ഞമാസം ൯-ാംനു- തിരികെ എത്തിയിരിക്കുന്നു.

സർ രാജഗോപാലാചാരിക്കു പകരം മദ്രാസ് നിയമനിൎമ്മാണസഭാ പ്രസിഡണ്ടായി നിയമിക്കപ്പെട്ട മിസ്റ്റർ സ്വാമിക്കണ്ണുപിള്ളക്കു സി. ഐ. ഇ. സ്ഥാനം സിദ്ധിച്ചിരിക്കുന്നതിൽ സന്തോഷിക്കുന്നു.

## മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായിട്ടു ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചിരിക്കണം.

കല്ലൂർ വി. അന്തോനീസിന്റെ സഹായത്താലും തിരുഹൃദയത്തിന്റെയും മൌറൂസപ്പിതാവിന്റെയും അനുഗ്രഹത്താലും വൈദ്യന്മാർ കൈവെടിഞ്ഞ എന്റെ ഭാര്യയുടെ രാജേഷ്മാവു സുഖപ്പെട്ടതിന്നു ഉപകാരസ്മരണ.

എ. ജെ. കലറൂർ.

കുടുംബപ്രതിഷ്ഠ കഴിച്ചതിനാൽ, പല മനോഗുണങ്ങൾ ലഭിച്ചകൂട്ടത്തിൽ എന്റെ കുട്ടിയുടെ ഒരു കഠിനരോഗം നീങ്ങിക്കിട്ടിയതിനു തിരുഹൃദയത്തിന്നു സ്തോത്രം. കെ. ഇ. സി. ചിറക്കടവു്.

വി. അന്തോനീസിന്റെ മദ്ധ്യസ്ഥതയാൽ എന്റെ ഭാര്യയുടെ സുഖക്കേടു നീങ്ങി പ്രസവിച്ചതിന്റെ ഉപകാരസ്മരണ. റ്റി. സി. എം.

ഭാഗ്യവതിയായ കൊച്ചുത്രേസ്യായുടേയും മാർ അന്തോനിസിന്റെയും പ്രത്യേക മദ്ധ്യസ്ഥതയാൽ എന്റെ ജ്യേഷ്ഠന്റെ ഭാര്യയുടെ അപകട സുഖക്കേടു നീങ്ങിയിരിക്കുന്നു. സി. എം. കെ. തൃശ്ശൂർ.

വിഷമസാദ്ധ്യമെന്നു വിധിക്കപ്പെട്ട എന്റെ ഭാര്യയുടെ പ്രസവം ഈശോയുടെ തിരുഹൃദയത്തോടുള്ള പ്രത്യേക അപേക്ഷമൂലം സുഖസാദ്ധ്യമായി പരിണമിച്ചതിനു കുസുമംവഴി കൃതജ്ഞത പ്രദർശിപ്പിച്ചുകൊള്ളുന്നു.

എ. എഫ്. എ. കോയിവിള.

ചെങ്ങളത്തു മാർ അന്തോനീസിന്റെ പ്രത്യേക സഹായത്താൽ ഒരു കാര്യം സാധിച്ചുകിട്ടിയതുമല്ലാതെ എന്റെ ഉദ്ദേശം പുണ്യവാൻ അനുഗ്രഹിച്ചിരിക്കുന്നു. എൽ. വി. ജി. സിലോൺ.

അമലോത്ഭവ മാതാവിന്റെ അനുഗ്രഹത്താൽ കഠിനമായ ഒരു വയറുവേദന പൂർണ്ണസുഖമായതിനു നേർച്ചപ്രകാരം കുസുമത്തിൽ ഉപകാരസ്മരണ ചെയ്യുന്നു. പി. ജെ. സി. അതിരമ്പുഴ.

വളരെ അസാദ്ധ്യമെന്നു കരുതിയിരുന്ന ഒരു കാര്യം വെളിയിൽ വി. അന്തോനീസിന്റെ സഹായത്താൽ സാധിച്ചുകിട്ടിയതിനു ഉപകാരസ്മരണ ചെയ്തുകൊള്ളുന്നു. എം. എ. കുഴക്കൂട്ടം.

## ചരമ വാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമ വായനക്കാർ പ്രാർത്ഥിപ്പാറാകണം.

മിസ്റ്റർ എൽ. വി. ഗോമസ്സ് അവർകളുടെ മകൻ സ്റ്റീവൻ ഗോമസ് ഡിസംബർ ൧൯-നു സിലോണിൽവച്ചു.

അത്തുങ്കൽപള്ളി ഇടവക ശ്രീമതി അന്തോനിക്കുട്ടി എലിസബേത്തു ഡിസംബർ ൧൭-നു ൭൦ വയസ്സ്.

ക. നി. മൂ. സ. ബ. അമ്പ്രോസിസച്ചൻ അവർകളുടെ പിതാവും ക. നി. മൂ. സ. ബ. വലിയ യാക്കോച്ചൻ അവർകളുടെ പിതൃവ്യനുമായ കുത്രപ്പള്ളി ഇടവക പാലാക്കുന്നേൽ കുഞ്ഞച്ചൻ അവർകൾ ഡിസംബർ ൧൨-നു വ്യാഴാഴ്ച ൭൨ വയസ്സ്.

ഭരണങ്ങാനം ഇടവക കല്ലുവെട്ടത്തു ശ്രീമതി അന്നാമ്മ ധനു ൧൧-ം ൬൦ വ:

രാമപുരംപള്ളി ഇടവക നെടുംകൊമ്പിൽ മത്തായി ജനുവരി ൧൭-നു തിങ്കളാഴ്ച ൭൫ വയസ്സ്.

ഇരുത്തി ഇടവക പുത്തൻപറമ്പിൽ വറുഗീസു അന്നാമ്മ വയസ്സ് ൭൭.

## സിദ്ധൌഷധക്കുറിപ്പുകൾ.

ചന്ദനം, രാമച്ചം, മുത്തങ്ങാ, മലരു, ചെറുപയറു, തിപ്പലി, യവം, കുറുന്തോട്ടിവേരു ഇവകൊണ്ടുള്ള കഷായം മഞ്ഞത്തുവച്ചു പിറേറന്നാൾ രാവിലെ എടുത്തു സേവിച്ചാൽ രക്തപിത്തത്തെ ശമിപ്പിക്കും.

മയിൽപ്പീലിയുടെ ഭസ്മംചേർത്തു പച്ചവെള്ളത്തിൽ സേവിക്കുക. എക്കിളും ശ്വാസവും ശമിക്കും.

ഇളനീർ വെള്ളത്തിൽ തേററാമ്പരളും ഏലത്തരിയും അരച്ചുകലക്കി പഞ്ചസാരയും ചേർത്തു സേവിച്ചാൽ മൂത്രത്തിന്റെ തടവുനീങ്ങും.

# ചെറുപരസ്യങ്ങൾ.

(ഒരു പരസ്യത്തിനു ഒരുതവണക്കു ഒരു രൂപാ മുൻപേർ അയച്ചു അപേക്ഷിക്കണം)


## വി. ജി. പ്രസ്സ്.

പലവണ്ണത്തിലുള്ള വിചിത്രവേലകളോടുകൂടി മംഗളപത്രങ്ങൾ, കല്യാണക്കുറികൾ, ലററർ ഹെഡിംഗുകൾ മുതലായവ ആകർഷണീയമായ വിധത്തിൽ, മിതമായ നിരക്കിനു കൃത്യസമയത്തു അച്ചടിച്ചുകൊടുപ്പാൻ തയ്യാർ.

മാനേജർ, വി. ജി. പ്രസ്സ്, കോട്ടയം

## തടവുകാരായസ്നേഹിതന്മാർ

യുക്തി, സാധാരണ ബുദ്ധി, വേദം, പാരമ്പര്യം, എന്നിവകളാൽ ശുദ്ധീകരണസ്ഥലമുണ്ടെന്നു തെളിയിക്കുന്ന ഒരു നവീന പുസ്തകം. വില രണ്ടണമാത്രം. 100 പുസ്തകംഎടുക്കുന്നവർക്കു പത്തിനു 3 കമ്മീഷൻ

സി. കെ. മററം, മാൻവെട്ടം,
കടുത്തുരുത്തി.

## മാർത്തോമ്മാ ക്രിസ്ത്യാനികൾ (രണ്ടാംഭാഗം)

റവ. ഫാദർ ബർണ്ണാർഡ് സി. ഡി. അവർകളുടെ ചിരപ്രതീക്ഷിതമായ ഈ കൃതി കേരളീയ ക്രിസ്ത്യാനികൾ എല്ലാവരും വായിച്ചിരിക്കേണ്ടതാകുന്നു. ഉദയംപേരൂർ സൂനഹദോസുമുതൽ ൧൮൫൨ വരെയുള്ള എല്ലാസംഗതികളും ഇതിൽ അടങ്ങിയിട്ടുണ്ട്. വില ൧ ക. ൪ അണ.

സൂപ്രണ്ട്,
സെൻറുജോസഫ് പ്രസ്സ്, മാന്നാനം.

## നേത്രചികിത്സ.

എല്ലാവക നേത്രരോഗങ്ങളും പരിശോധിച്ചു മരുന്നു നിശ്ചയിക്കുന്നതിനും ഏതുജാതിക്കാരായ രോഗികളേയും താമസിപ്പിച്ചു ചികിത്സിക്കുന്നതിനും ഇവിടത്തെ സെൻറ് അൻറനീസ് നേത്രരോഗചികിത്സാശാലയിൽ എപ്പോഴും തയാറുണ്ട്. മരുന്നുകൾക്കു മിതമായ വില മാത്രം.

ചെരുമാലിൽ ചിറയിൽ വറുഗീസു
വൈദ്യൻ, മാന്നാനം.

## ദൈവസ്നേഹബലി

അഥവാ

കൊച്ചുത്രേസ്യായുടെ ജീവിതസംപ്രദായം

രണ്ടണ വിലയുള്ള ഈ വിശിഷ്ടകൃതി ഫെബ്രുവരി ൧൫-ാംനു-വരെ ഒരണയ്ക്കു വില്ക്കപ്പെടുന്നു. ഗ്രന്ഥാവലി സമ്മാനപരസ്യം കുസുമത്തിൻെറ പുറത്താൾ രണ്ടാംപക്ഷം നോക്കുക.

മാനേജർ,
കർമ്മെലകുസുമം, മാന്നാനം.

## ഭക്തിക്കടുത്ത സാമാനങ്ങൾ.

കൊന്ത, വെന്തിങ്ങ, കാശുരൂപം, കുരിശുരൂപം, വലിയതും ചെറിയതുമായ കടലാസു ചായപ്പടങ്ങൾ ആദിയായ വിവിധഭക്തസാമാനങ്ങൾ ശീമയിൽനിന്നു നേരിട്ടു വരുത്തിയിട്ടുള്ളവ വില സഹായത്തിനു വില്പ്പാനുണ്ട്.

കെ. കുഞ്ഞൻ കമ്പിനി, മാന്നാനം.

## കേരളീയ കത്തോലിക്കൻ.

ആറുമാസത്തേക്കു മുൻകൂർ
ബ്രി. രൂപാ 1.

'ഇൻഡ്യയിലെ രക്തസാക്ഷികൾ' മുതലായ വിശിഷ്ട ലേഖനങ്ങളോടുകൂടിയ ജനവരി ലക്കം ഇതാ പുറപ്പെട്ടിരിക്കുന്നു. യുവകവികൾക്കു ഒഴിച്ചുകൂടാത്ത ഒരു ആപ്തമിത്രം. ഉടനെ എഴുതുക.

മാനേജർ,
കേരളീയകത്തോലിക്കൻ, ചവറ

## ചിത്രമെഴുത്ത്.

മിതമായ കൂലിക്കു ഭംഗിയായ ചിത്രവേലകൾ ചെയ്തുകൊടുപ്പാൻ തയാറുണ്ട്. പള്ളികൾ, അൾത്താരകൾ, രൂപക്കൂടുകൾ മുതലായവ പലയിടങ്ങളിൽ ഞാൻ ചിത്രവേലചെയ്തുകൊടുത്തതിനു സാക്ഷിപത്രങ്ങളും മെഡലുകളും ലഭിച്ചിട്ടുണ്ട്. ആവശ്യക്കാർക്കു കൂടുതൽ വിവരങ്ങൾ അറിയിച്ചുകൊടുക്കും.

ആർട്ടിസ്റ്റ് പെയിൻറർ എൽ. ലോപ്പസ്,
C/o മാനേജർ,
കർമ്മെലകുസുമം, മാന്നാനം.

# പി. പാപ്പിക്കമ്പനി, മാന്നാനം.

## റബേക്ക സാമാനങ്ങൾ

| ചൈനാപ്പട്ടു നീളം വളയം | | | Rs. | as. | p. |
|---|---|---|---|---|---|
| ൧-ാം ചരടു ൨ ഒന്നിളംവളയം ൧-ക്ക | | | 1 | 2 | 0 |
| ൨-ാം „ പിരിച്ചതു | ൮ | „ | 0 | 12 | 0 |
| ൩-ാം „ | ൨ | „ | 0 | 9 | 0 |
| ൪-ാം „ | ൧ | „ | 0 | 4 | 6 |
| ൧-ാം കമ്പി | ൧ | „ | 0 | 3 | 0 |
| ൨-ാം „ | ൧ | „ | 0 | 3 | 6 |
| ൩-ാം „ | ൧ | „ | 0 | 4 | 6 |
| ൪-ാം „ | ൧ | „ | 0 | 5 | 0 |
| ആക്കമുടി വളയം | ൧ | „ | 0 | 12 | 0 |
| അല്പൂസ് ൧-ാംതരം | ൧ | „ | 0 | 6 | 0 |
| ടി. ൨-ാംതരം | ൧ | „ | 0 | 4 | 6 |
| ടി. ൩-ാംതരം | ൧ | „ | 0 | 3 | 0 |
| പെന്തി. (Bridge) | ൧ | „ | 0 | 3 | 0 |
| ആണി. (Screw) | ൧ | „ | 0 | 3 | 0 |
| പരന്തുവാൽ. ൧-ാംതരം | ൧ | „ | 0 | 12 | 0 |
| ടി. ൨-ാംതരം | ൧ | „ | 0 | 10 | 0 |

## അലൂമിനം കാശുരൂപങ്ങൾ

| | | | | | |
|---|---|---|---|---|---|
| No. ൨. (മുട്ടഭാഷ) ഡസൻ 1ക്ക | | | 0 | 1 | 9 |
| നമ്പ്ര 1 സെൻറു ജോസഫ് | „ | „ | 0 | 2 | 3 |
| 1251 ഇത്താല്യൻ കാശു. | „ | „ | 0 | 5 | 0 |
| 100 വി. തോമ്മാശ്ലീഹാ. (വട്ടം) | | „ | 0 | 10 | 0 |
| 101 ടി. പിച്ചള | „ | „ | 0 | 7 | 0 |
| 50 വി. കുർബാന. | „ | „ | 0 | 14 | 0 |
| 53 തിരുഹൃദയം | „ | „ | 0 | 14 | 0 |
| 56 ടി. | „ | „ | 1 | 1 | 0 |
| 131 തിരുഹൃദയം. | „ | „ | 1 | 1 | 0 |
| 6434 „ | „ | „ | 1 | 0 | 0 |

## അലൂ വെന്തിഞ്ഞ കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| 298 മുട്ടഭാഷ. ഡസൻ ൧ക്ക | „ | 0 | 5 | 0 |
| 324 കക്കടവൃത്തം. | „ | 0 | 5 | 0 |
| 231 നീണ്ടഭാഷ. | „ | 0 | 7 | 0 |
| 337 വൃത്തം. | „ | 0 | 7 | 0 |
| 338 വൃത്തം. | „ | 0 | 10 | 0 |
| 7030 ചതുര എരട്ടത്തട്ടു ചെറുതു് | „ | 0 | 10 | 0 |
| 325 കക്കടവൃത്തം. | „ | 0 | 10 | 0 |
| 342 കരിന്തുഭാഷ. | „ | 0 | 10 | 0 |
| 7023 ചതുര ഒററത്തട്ടു. | „ | 0 | 12 | 0 |
| 7231 ചതുര എരട്ടത്തട്ടു വലുതു് | „ | 0 | 13 | 6 |
| 399 നക്ഷത്രഭാഷ. | „ | 1 | 1 | 0 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ട്. | „ | 1 | 1 | 0 |
| പച്ചക്കാശു ൧-ാംതരം ഡസൻ൧ | | 3 | 12 | 0 |

| | | | |
|---|---|---|---|
| ടി. ൨-ാംതരം „ ൧ക്ക | 3 | 0 | 0 |
| ടി. ൩-ാംതരം „ ൧ക്ക | 2 | 4 | 0 |

## പുസ്തകങ്ങൾ. 0

| | | | |
|---|---|---|---|
| 1 വ്യാകുലപങ്കപ്പാട്ടുചരിത്രം ൧ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 ജ്ഞാനസുന്ദരിയ്യാൾ അമ്മാന | 0 | 8 | 0 |
| 7 ചോദ്യാദിപാന | 0 | 3 | 6 |
| 8 പുത്തൻപാന | 0 | 4 | 6 |
| 9 ദേവമാതാവിൻ സ്തോത്രമാല | 0 | 2 | 3 |
| 10 സുറിയാനിപൂജസഹായം | 0 | 1 | 3 |
| 11 ശുദ്ധീകരവണക്കം | 0 | 13 | 6 |
| 12 ദേവാലയഗീതം (സുറിയാനി) | 0 | 10 | 0 |
| 13 നിത്യാരാധന 1ക്ക് | 2 | 0 | 0 |
| 14 പ്രത്യൂഷസംഗ്രഹം 1ക്ക് | 0 | 10 | 0 |
| 15 ദിനചര്യം 1ക്ക് | 0 | 5 | 2 |
| 16 തിരുഹൃദയ വണക്കം 1ക്ക് | 0 | 10 | 0 |
| 17 അത്ഭുതലിലിപുഷ്പം 1ക്ക് | 0 | 4 | 0 |
| 18 കുടുംബ പ്രതിഷ്ഠ 1ക്ക് | 0 | 2 | 6 |
| 19 ദേവമാതാ. വണക്കം. | 0 | 13 | 0 |
| 20 മാർ യൌ. വണക്കം | 0 | 13 | 6 |
| 21 ടി. കൂട്ടിക്കെട്ടിയതു് | 1 | 6 | 0 |
| 22 ദേവമാ. അത്ഭുതചരിത്രം 1ക്ക | 0 | 12 | 0 |

## പടങ്ങൾ.

| | | | | |
|---|---|---|---|---|
| 8×10 വലിപ്പം | „ | 1 | 12 | 0 |
| 13×17 ടി. | „ | 5 | 4 | 0 |
| 16×20 ടി. | „ | 6 | 12 | 0 |
| പ്രയർബുക്ക സയിസു പടങ്ങൾ | „ | 0 | 5 | 0 |
| ടി. 100-ക്ക | | 2 | 4 | 0 |
| 240 പടമുള്ളപാളിപ്പടംപാളി ൧ക്ക | | 2 | 0 | 0 |

8×10, 13×17, 16×20, ടി. വലിപ്പങ്ങളിൽ തിരുഹൃദയ പ്രതിഷ്ഠയ്ക്കുതകുന്നതായ തിരുഹൃദയപടങ്ങളും അത്ഭുതപ്രവർത്തകനായ വി: അന്തോനീസ്, തിരുക്കുടുംബം, തങ്കവള്ളത്തോടുകൂടിയ മാതാവു, 17x13-ൽ സെൻറ് സെബാസ്ത്യാൻ സെൻറ് ജോർജ്, മുതലായ പലതരം പടങ്ങളുമുണ്ട്.

പ്രയർബുക്ക സയിസ് പടങ്ങളിൽ Xmas ന (പിറവി) ഉപയോഗിക്കത്തക്ക പലതരം പടങ്ങളുമുണ്ട്.

P. Pappy and Co.
Mannanam, Travancore.

☞ ൮ അണയിൽ കുറഞ്ഞുവരുന്ന ആഡർകൾ ഗൌനിക്കുന്നതല്ല.

"

Registered No. M. 365. No: T. 4.

# BEST WRIST WATCH.



This is a very new style Watch. Its design and finish will satisfy the most critical test. Case gold gilt. Appearance is equal to solid gold, Glass crystaline, figures Roman or Arabic. Swiss mechanism, perfect timekeeper, Guaranteed for 3 Years.

| | | |
|---|---|---|
| Price | Rs. | 7-0-0 |
| Pure Silver. | | 8-4-0 |
| Nickel- | – | 6-0-0 |

# GERMAN ALARM TIMEPIECE.

Offered at Greatly reduced Price.

A cheap and very useful Alarm Timepiece, mechanism, 4 inches dial in nickel case. 30 hours key-less. It will go in any position This It mpiece can be esaily taken in travelling cases. whoi very useful for students and every onc ties has got to do anything in time. It is equally urseul for night duty man Whenever it is desidef, that the alarm should ring, the little hand on the dial should be set, from the back of the alarm. At the time punctually, at that very moment, the alarm will ring. Guaranteed for 3 years.



Price Rs 5/- only.

# LILLY OF THE VALLEY.



THE SCENT OF FRANCE

There is a mystic southern charm [illegible] out "Lilly of the Valley" that delights the [illegible]. It is like a dream of a lower garden, and has been happily described as "an Inspiration in Perfume" wonderfully lasting and delightfully refreshing. Prepared in every form necessary for the perfectly harmonious toilet.

1 oz. Bottle 2-8. 1/2 oz. -8.
1 Dram Bottle As. 12.
Sample Bottle Dozen Re. 1-4.

V. S Watch Co.
P. B. No. 105.
Madras.